27 നവംബർ 2010

അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

കണ്ണീരും ഗ്ലിസറിനും

കെ.വി.ഏബ്രഹാം, കൊടുവത്ത്

കള്ളപ്രവാചകന്മാരും വൈദികഗണവും ദേവാലയത്തെ കച്ചവടച്ചരക്കാക്കിയപ്പോൾ അതിനെതിരെ ചാട്ടവാറുപയോഗിച്ച ക്രിസ്തുവിന്റെ ശിഷ്യന്മാർ ഇന്ന് വെള്ളിക്കാശുകൾക്കും, സ്വർണ്ണ കാശുകൾക്കും വേണ്ടി കണ്ണീരിന്റെ കഥകൾചമച്ചും ഗ്ലിസറിൻ പടങ്ങളിൽ തേച്ചുപിടിപ്പിച്ച് മനുഷ്യരെ തെറ്റിദ്ധരിപ്പിച്ചും (വഞ്ചിച്ചും) ദേവാലയത്തെ അശുദ്ധമാക്കുന്നു.

കണ്ണുനീരിന്റെ 99.99 ശതമാനം ജലമാണ്. ശാസ്ത്രീയ ഭാഷയിൽ H_2O. അതായത് രണ്ട് ഹൈഡ്രജൻ ആറ്റവും ഒരു ഓക്സിജൻ ആറ്റവും ചേർന്നത്. ജലം ഒരു തുള്ളി നമ്മുടെ കാലാവസ്ഥയിൽ ആവിയായിത്തീരുന്നതിന് ഏതാനും മണിക്കൂറുകൾമതി.

ചതിവിന്റെ 'കണ്ണീർകണങ്ങൾ' ദിവസങ്ങളോളം നിലനില്ക്കുന്നു. രാത്രിയുടെ യാമങ്ങളിൽ ഒറ്റ നിമിഷംകൊണ്ട് കുപ്പിയിൽനിന്നോ ട്യൂബിൽനിന്നോ എടുത്ത് തേയ്ക്കുന്ന ഈ 'കണ്ണീർ കണങ്ങൾ' ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിൽ ഉള്ള രാസവസ്തു എന്തെന്ന് ജനത്തെ അറിയിക്കണം. ജനങ്ങളെയാകെ വഞ്ചിക്കുകയും ദുർമ്മാർഗ്ഗത്തിലുടെ പണം സമ്പാദിക്കുകയും ചെയ്യുന്ന സാത്താന്റെ വക്താക്കൾക്കെതിരെ നിയമനടപടികൾ കൈക്കൊള്ളണം.

ഇൻന്ത്യൻ ശിക്ഷാനിയമത്തിലും മറ്റ് നിയമങ്ങളിലും ഇതിന് വകുപ്പുകളില്ലേ....?

സഭാ ആസ്ഥാനത്ത് പ്രാപ്തനായ ഒരു അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് അത്യാവശ്യം – അൽമായ വേദി

സഭാ കേന്ദ്രത്തിൽ ഭരണപരമായി കഴിവുള്ള സഭയുടെ കെട്ടുപാടുകളെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള ഒരു മെത്രാപ്പോലീത്ത അഡ്മിനിസ്ട്രേറ്ററായി വരണമെന്നയാവശ്യം പൊതുവെ സ്വീകാര്യമായിട്ടുണ്ട്. സഖറിയാ മാർ അപ്രേം തിരുമേനിയെ ആ സ്ഥാനത്തേക്ക് നിയോഗിക്കണമെന്ന മാനേജിംഗ് കമ്മറ്റിയുടെ ശുപാർശക്ക് തുരങ്കം വക്കുവാൻ അടുത്ത നിയുക്ത കാതോലിക്കാ സ്ഥാനം സ്വപ്നം കാണുന്ന ചില മെത്രാന്മാർ കരുനീക്കം നടത്തുന്നതായറിയുന്നു. തങ്ങളുടെ ആജ്ഞാനുവർത്തിയായ ഒരു ജൂനിയർ വൈദികനെ പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനത്തവരോധിച്ച് പിൻസീറ്റ് ഡ്രൈവിംഗ് നടത്താമെന്നും പ:പിതാവിന്റെ ഭരണം പരാജയമാണെന്നുവരുത്തി നിയുക്തബാവാതിരഞ്ഞെടുപ്പ് ഉടൻ നടത്തിക്കാമെന്ന മനപ്പായസമാണ് ഇതിനു മുന്നിലെന്നറിയുന്നു.

സമീപഭാവിയിൽ നിയുക്തബാവായെ തിരഞ്ഞെടുക്കുന്നതിന്റെയാവശ്യകതയില്ല എന്ന ചിന്ത ശക്തിപ്പെടുന്നതിലുള്ള അസ്വസ്ഥതയാണ് ഇതിനു പിന്നിൽ. പ:പിതാവിന്റെ ആരോഗ്യത്തിന് കുഴപ്പമൊന്നുമില്ലാത്തതിനാൽ പിൻഗാമിയെക്കുറിച്ച് ഇപ്പോൾ ചിന്തിക്കേണ്ടയാവശ്യമില്ല. അങ്ങിനെ വേണമെന്നു ശഠിക്കുന്നവരുടെ ഉദ്ദേശം സ്വാർത്ഥ താല്പര്യമല്ലാതെ മറ്റൊന്നുമല്ല.

AKHILA MALANKARA ORTHDOX ALMAYAVEDHI

Reg. No. K - 713/2005 P.B. No. 652, Kottayam 686 001

അൽമായവേദിസംബന്ധമായ കാര്യങ്ങൾക്ക് താഴെപ്പറയുന്നവരുമായി മാത്രം ബന്ധപ്പെടുക. **പൊതുവായ കാര്യങ്ങൾ:** കെ.വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്) ഫോൺ: 9895561426 **നയപരമായ കാര്യങ്ങൾ:** തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ഫോൺ: 9745607714 **പ്രസദ്ധീകരണം സംബന്ധിച്ച കാര്യങ്ങൾ:** ഫീലിപ്പോസ് പൊട്ടക്കാവയലിൽ (എഡിറ്റർ) ഫോൺ : 9388591988 **സാമ്പത്തിക കാര്യങ്ങൾ, വരിസംഖ്യ സംഭാവന മുതലായവ:** ജോർജ്ജ് മാത്യു ചക്കാലപ്പറമ്പിൽ (ട്രഷറർ) ഫോൺ : 9387963931

WEBSITE :
www.malankaraorthodoxalmayavedhi.com
Eimail : almayavedhi@yahoo.com

മലങ്കരയുടെ എട്ടാമത്തെ കാതോലിക്കായ്ക്ക് അൽമായവേദിയുടെ ആശംസകൾ

(തോമസ് ചാണ്ടി, ജനറൽ സെക്രട്ടറി)

മലങ്കരയുടെ ഏഴാമത്തെ കാതോലിക്കായായ പ.ദിദിമോസ് പ്രഥമൻ കാതോലിക്കാബാവാ സ്ഥാനത്യാഗം ചെയ്യുകയും പ.പൗലൂസ് ദ്വിതിയൻ ബാവാ സ്ഥാനമേൽക്കുകയും ചെയ്ത ഏറ്റവും സുഗമമായ അധികാരക്കൈമാറ്റ പ്രക്രിയ സഭയുടെ കെട്ടുറപ്പിനെയും ഭരണപരമായ കാര്യക്ഷമതയെയും വിളിച്ചോതുന്ന രീതിയിലായിരുന്നു. അധികാരം കൈമാറുന്നതിന് വലിയ ബാവാ ദീർഘനാളുകൾക്കുമുമ്പേ തയ്യാറെടുത്തിരുന്നതും "സമയമായില്ല" എന്ന് പറഞ്ഞ് പിൻഗാമി ഒഴിഞ്ഞുനിന്നതും പരസ്യമായ രഹസ്യം തന്നെയായിരുന്നു. അധികാരത്തോടും സ്ഥാനത്തോടുമെല്ലാം ഋഷിതുല്ല്യമായ നിസ്സംഗത പുലർത്തിയിരുന്ന വലിയ ബാവാ മലങ്കരസഭയുടെ ജനകീയ – എപ്പിസ്കോപ്പൽ കൂട്ടുഭരണത്തിന് വലിയ മൂലം കൽപ്പിച്ചിരുന്നു. പൗരോഹിത്യശ്രേണിക്കും ജനകീയ സ്വരത്തിന്റെ ശബ്ദമായ തിരഞ്ഞെടുക്കപ്പെട്ട സമിതികൾക്കും തങ്ങളുടേതായ സ്ഥാനവും പദവിയും നൽകുന്നതിൽ ദത്തശ്രദ്ധനായിരുന്ന പിതാവ് സ്ഥാനമൊഴിയുമ്പോഴും എല്ലാ സ്ഥാനികളെയും വിശ്വാസത്തിലെടുത്തിരുന്നു.

ഇരുപതു നൂറ്റാണ്ടുകളുടെ പ്രയാണം പൂർത്തിയായി അടുത്ത നൂറ്റാണ്ടിലേക്ക് സഭ പ്രവേശിച്ചപ്പോൾ സഭാഗാത്രത്തിന്റെ സന്ധിബന്ധങ്ങൾ അറ്റുപോകുമോയെന്ന് ഏവരും ന്യായമായി ആശങ്കപ്പെട്ടിരുന്ന അവസരത്തിലായിരുന്നു ഈ നൗകയുടെ ചുക്കാൻ പ.പിതാവിന്റെ കരങ്ങളിലമർന്നത്. പ്രായവും ആരോഗ്യവും തുണയാകാത്ത സന്ദർഭത്തിൽ പ.പിതാവ് ഇത്രവലിയ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തതും ഭംഗിയായി പൂർത്തീകരിച്ചതും അവിടത്തെ പ്രാർത്ഥനാജീവിതത്തിന്റെ ശക്തിയും അച്ചടക്കബോധവും നിയമങ്ങളോടുള്ള ബഹുമാനവും കൊണ്ടുമാത്രമായിരുന്നു. മലങ്കരസഭയ്ക്ക് എക്കാലത്തും കാലഘട്ടത്തിനുയോജ്യരായ നേതൃത്വത്തെ പ്രദാനം ചെയ്തിട്ടുള്ള ജഗന്നിയന്താവ് പിതാവിനെ പകൽ മേഘസ്തംഭമായും രാത്രി അഗ്നിമേഘമായും വഴിനടത്തിയ നാളുകളായിരുന്നു. പ.പിതാവിന്റെ ഭരണകാലം.

അതീവ ഹൃസ്വമായ കാലഘട്ടം മാത്രം ഭരണം നടത്തുവാൻ സാധിച്ച (മലങ്കരയുടെ ഒന്നും രണ്ടും കാതോലിക്കാമാരെ ഒഴിച്ചുനിർത്തിയാൽ ഏറ്റവും കുറഞ്ഞ ഭരണകാലം) പ.പിതാവ് നടത്തിയെടുത്തത് അതിദുഷ്കരമായ കാര്യങ്ങളായിരുന്നു. 14 മേൽപ്പട്ടക്കാരുടെ തിരഞ്ഞെടുപ്പും വാഴിക്കലും മുറോൻ കൂദാശയുമെല്ലാം ഉൾക്കൊള്ളുന്ന കൗദാശികമായ കാര്യങ്ങളിൽ മാത്രമല്ല, സഭാകേന്ദ്രത്തിന്റെ പ്രവർത്തനത്തിലുള്ള കാര്യക്ഷമതയുടെ ഔന്നത്യം മുതൽ ചിട്ടയായും ക്രമമായും കാര്യക്ഷമമായും നടക്കുന്ന വിവിധ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം വരെ പിതാവിന്റെ വിരലടയാളം പതിഞ്ഞിട്ടുള്ള മേഖലകളാണ്. വ്യക്തിഗതമായ ഇഷ്ടാനിഷ്ടങ്ങളല്ല, സഭയുടെ ഔദ്യോഗിക സമിതികളുടെ കൂട്ടായ തീരുമാനമാണ് ഭരണത്തിന്റെ അടിസ്ഥാന ശിലയാകേണ്ടത് എന്ന ബോദ്ധ്യം എന്നും തിരുമനസ്സിനെ നയിച്ചിരുന്നു. ചില സ്ഥാനികൾ പ.പിതാവിന്റെ വിശാലമായ ദർശനത്തെ സ്ഥാർത്ഥ താല്പര്യങ്ങൾക്കായി വിനിയേഗിച്ചിട്ടുണ്ടെന്നത് വിസ്മരിക്കുന്നില്ല. എന്നാൽ അങ്ങിനെയുള്ള പലതിനും പിതാവ് തലകുനിച്ചുകൊടുത്തത് ഔദ്യോഗിക സമിതികളുടെ സംവിധാനം അഭംഗുരമായി തുടരണമെന്നുള്ള അഭിവാഞ്ചമൂലമായിരുന്നു.

നവാഭിഷിക്തനായ ബാവാതിരുമേനിക്ക് പലതുകൊണ്ടും ഒരു സുഗമമായ വഴിത്താരയാണ് ലഭിച്ചിരിക്കുന്നത്. സഭാപരമായും ഭരണപരമായുമുള്ള ഒരുപാട് കാടും പടർപ്പും നീക്കപ്പെട്ടുകഴിഞ്ഞു. താരതമ്യേന പ്രായംകുറഞ്ഞ പ്രാഗത്ഭ്യമുള്ള അനേകം മെത്രാന്മാരുടെ ഒരു വൃന്ദവും ക്രമബദ്ധമായ ഒരു ഭരണസമ്പ്രദായവും അവസാനത്തോടടുക്കുന്ന നിയമപ്രശ്നങ്ങളുമെല്ലാം ഒരു പുതിയ അരുണോദയത്തിന് അനുകൂലമായ സാഹചര്യങ്ങളാണ്. കനാൻ ദേശത്തേക്ക് ഇസ്രയേൽ ജനതയെ നയിച്ചെങ്കിലും ദൂരെനിന്നുമാത്രം വാഗ്ദത്ത നാടിനെ ദർശിച്ച മോശയെപ്പോലെ ഫലഭൂയിഷ്ഠതയുടെ നാളുകൾ യുവാവായ യോശുവ എന്ന പിൻഗാമിക്ക് നൽകിയതുപോലെ പൗലോസ് II ബാവായ്ക്ക് ഉത്തമഫലങ്ങൾ പുറപ്പെടുവിക്കുവാൻ സാധിക്കട്ടെ എന്ന മലങ്കരമക്കളുടെ പ്രാർത്ഥനയിൽ അൽമായവേദിയും പങ്കുചേരുന്നു.

സൃഷ്ടിക്കപ്പെടുന്ന അത്ഭുതങ്ങൾ

- സവ്യസാചി -

അന്ധവിശ്വാസങ്ങളും മൂഢധാരണകളുമെല്ലാം എത്രശാസ്ത്രവളർച്ചയുണ്ടായാലും ചിലടത്തെങ്കിലും നിലനിൽക്കും എന്നതിന്റെ തെളിവാണ് ഇരവിനെല്ലൂരിലെ ബദൽ പള്ളിയിൽ കാണുന്നത്. 1930–40 കാലഘട്ടത്തിൽ അന്നത്തെ ബാവാകക്ഷി പള്ളികളിൽ "ബസ്ഫുർക്കാനാപെട്ടി" എന്ന പേരിൽ ഒരു പെട്ടി വച്ചിരുന്നതായും അതിൽപണം നിക്ഷേപിച്ചാൽ പരലോകത്തെശുദ്ധീകരണസ്ഥലമായ ബസ്ഫുർക്കാനയിൽ സുഗമമായി കടന്നുപോകാമെന്നുമൊക്കെയാണ് അവർ പ്രചരിപ്പിച്ചിരുന്നത്. ബസ് ഫുർക്കാനായിൽ പോയ ആരും തിരികെ ഭൂമിയിൽ വരാത്തതിനാൽ അന്ന് പ്രസ്തുതപെട്ടികളിൽ പണം നിക്ഷേപിച്ചവർക്ക് പ്രയോജനമുണ്ടായോ അതോ പൊട്ടിയ ബ്ലേഡുകമ്പനിയിൽ നിക്ഷേപിച്ചതുപോലെയായോ എന്നറിയാൻ മാർഗ്ഗമൊന്നുമില്ല.

എല്ലാവരെയും കുറച്ചുകാലത്തേക്കും ചിലരെ എല്ലാക്കാലത്തേക്കും കബളിപ്പിക്കാനാവും എന്ന ആപ്തവാക്യത്തിൽ ആശ്രയിച്ചുകൊണ്ട് "വഞ്ചന പലവിധമുലകിൽ സുലഭം" എന്ന് കുഞ്ചൻ നമ്പ്യാരുടെ ശൈലിയിൽ പറയാം. ചില വൈദികർക്കോ അൽമായക്കാർക്കോ ചിലനേരങ്ങളിൽ തലച്ചോറിലൂടെ ഒരു മിന്നൽ പായും. ഒരു നമ്പരിട്ടു നോക്കാം. ക്ലച്ചു പിടിച്ചാൽ ഭക്തജനപ്രവാഹം, നോട്ടുകൾ വലുതും ചെറുതും പുറകെ. കുറച്ചു കാലത്തേക്കെങ്കിൽ കുറച്ചു കാലത്തേക്ക്. ചുളുവിൽ എവിടെ കാര്യ സാദ്ധ്യമുണ്ടെന്ന് നോക്കിപ്പാർത്തിരിക്കുന്ന കൊട് ഞ്ഞാണന്മാർക്ക് യാതൊരു ക്ഷാമവുമില്ലാത്ത ഈ നാട്ടിൽ കച്ചവടം ഏതായാലും മോശമാവില്ല. പോരുന്നതു പോരട്ടെ മാറ്റിച്ചവിട്ടിനോക്കാം. പുതുപ്പള്ളിയുടെ ബദൽ പള്ളി ഏതായാലും ക്ലച്ചു പിടിക്കുന്നില്ല. മറ്റൊന്നും ഫലിക്കാത്തപ്പോൾ കാളൻ നെല്ലായി എന്ന പരസ്യം പോലെ, അയൽപക്കത്ത് തേങ്ങയുടക്കുമ്പോൾ നമ്മൾ ചിരട്ടയെങ്കിലുമുടക്കണ്ടേ എന്ന പ്രമാണം പോലെ.

അമ്മയെ മറന്നാലും അന്ത്യേഖ്യയെ മറക്കില്ല എന്ന മുദ്രാവാക്യം പരിഷ്ക്കരിച്ച് അമ്മയെ കരയിപ്പിച്ചാലും അന്ത്യേഖ്യായെ പോഷിപ്പിക്കും എന്നാക്കിയാൽ സംഗതിബഹുകേമം. പ.ദൈവമാതാവിന്റെ ചിത്രത്തിൽ നിന്നും സുഗന്ധമുള്ള കണ്ണീർ കുപ്പിക്കണക്കിനും ബാരൽകണക്കിനും വരുമെങ്കിൽ അത് ഒരു അത്ഭുതസംഭവം തന്നെയാണ്. ഇത് യഥാർത്ഥമാണോ തട്ടിപ്പാണോ എന്നറിയുവാൻ രാസപരിശോധന നടത്തണമെന്നാരങ്കിലും പറഞ്ഞാൽ "ഇത് വിശ്വാസത്തിന്റെ പ്രശ്നമാണ്. പരിശോധനക്കുവിധേയമാക്കാനാവില്ല" എന്നാവും മറുപടി.

അവരുടെ വിശ്വാസം അവരെ രക്ഷിക്കട്ടെ.

മുഖലേഖനം

മലങ്കരയുടെ പുതിയ നായകന് മുന്നിലെ വെല്ലുവിളികൾ

പ.പൗലൂസ് II ബാവായുടെ സ്ഥാനാരോഹണം മലങ്കരസഭയ്ക്ക് മറ്റൊരു നവ അരുണോദയമാണെന്നതിനെ ഉൽഘോഷിക്കുമ്പോൾതന്നെ, സഭയുടെ മുന്നോട്ടുള്ള പ്രയാണം പുഷ്പങ്ങൾ കൊണ്ടു നിറഞ്ഞ മേച്ചിൽ സ്ഥലങ്ങൾ മാത്രമായിരിക്കയില്ല എന്ന തിരിച്ചറിവും ഉണ്ടായിരിക്കണം. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ ലോകം ദർശിച്ച മാറ്റങ്ങൾ ഒരുപക്ഷെ അതിനുമുൻപത്തെ അരനൂറ്റാണ്ടിലുണ്ടായതിലും ഏറെയായിരിക്കും. ശാസ്ത്രസാങ്കേതിക വിദ്യ, സാമ്പത്തിക മേഖല, തൊഴിൽ മേഖല, വിദ്യാഭ്യാസ രംഗം, ആരോഗ്യ പരിപാലനം, വ്യക്തി–കുടുംബ ബന്ധങ്ങൾ എന്നിങ്ങനെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന മാറ്റങ്ങൾ വിസ്മയമുളവാക്കുന്നതാണ്. ഈ ദ്രുത മാറ്റങ്ങൾ സംഭവിക്കുന്ന കാലഘട്ടത്തിനൊത്ത് സഭയെ മാറ്റിയെടുക്കുക എന്നതാണ് ഏറ്റവും പ്രധാന വെല്ലുവിളി. മൂന്നാം നൂറ്റാണ്ടിലും നാലാംനൂറ്റാണ്ടിലും രൂപം പ്രാപിച്ച ആരാധനാ സമ്പ്രദായങ്ങളും കാനോനുകളും കാലോചിതമാക്കിത്തീർക്കുവാൻ ശ്രമങ്ങളാരംഭിക്കേണ്ട കാലം അതിക്രമിച്ചു. സുന്നഹദോസിലെയും മറ്റു സമിതികളിലെയുമൊക്കെയുള്ള അതീവ യാഥാസ്ഥിതികരായ ചിലരെ തൃപ്തിപ്പെടുത്താൻ വേണ്ടി മാറ്റങ്ങൾക്കു നേരെ മുഖംതിരിച്ച് നിന്നാൽ കാലാന്തരത്തിൽ സഭയുടെ നേരെ പുതിയ തലമുറയും മുഖംതിരിക്കും.

ബാഹ്യകേരളത്തിലുള്ള യുവതീയുവാക്കളെ കരുതുവാനുള്ള മാർഗ്ഗങ്ങൾ ഇപ്പോഴുണ്ടെങ്കിലും അവ തികച്ചും അപര്യാപ്തമാണ്. ചില വൈദികരെ പോസ്റ്റ് ചെയ്തതുകൊണ്ടോ ആണ്ടിൽ ഒന്നോ രണ്ടോ കൂട്ടായ്മകളും സെമിനാറുകളും സംഘടിപ്പിക്കുന്നതുകൊണ്ടോ മാത്രം തീരുന്നതല്ല പ്രശ്നങ്ങൾ. ബാഹ്യകേരള ഭദ്രാസനങ്ങളിലെ മെത്രാന്മാർ ഒരുകാൽ ഭദ്രാസനത്തിലും മറ്റേകാൽ നാട്ടിലുമൂന്നിനിൽക്കുമ്പോൾ അനാഥമാകുന്നത് ആ ഭദ്രാസനത്തിലെ കുഞ്ഞാടുകളാണ്. ഉത്തരേന്ത്യയിൽ പലയിടത്തും പള്ളികൾ നടത്തിക്കൊണ്ടു പോകുവാൻ വിഷമിക്കുന്നത് സഭ ഗൗരവമായി കാണണം. ബാഹ്യകേരളത്തിലെയും ബാഹ്യഭാരതത്തിലെയും ജനങ്ങൾ എന്നാൽ പണം ചുരത്തുന്ന കറവപ്പശുക്കളായി മാത്രം കാണാതെ അവർക്കുള്ള ആത്മീയാവശ്യങ്ങൾ കണ്ടറിഞ്ഞ് നിറവേറ്റുവാനും അവരിൽ മൂല്യബോധവും കൗദാശികജീവിതവും നിലനിർത്തുകയും ചെയ്യേണ്ടുന്ന വെല്ലുവിളി സഭയ്ക്കുമുന്നിൽ ഇന്ന് സജീവമാണ്.

മലങ്കരസഭയിൽനിന്നും പലകാലഘട്ടങ്ങളിലായി വിട്ടുപോയിട്ടുള്ളവരെ സഭയ്ക്കായി വീണ്ടെടുക്കുക എന്ന വലിയ ദൗത്യത്തിനുമുന്നിൽ ഒട്ടകപ്പക്ഷി നയം സ്വീകരിച്ചിട്ടുകാര്യമില്ല. സ്വന്തം സിംഹാസനങ്ങളും ലാവണങ്ങളും തസ്തികകളും നിലനിൽക്കണമെങ്കിൽ സഭയിൽ അധികം ആളൊന്നും കാണരുത് എന്നും ചിന്തിക്കുന്ന സ്ഥാനികൾ സഭയുടെ പലതലങ്ങളിലുമുണ്ട്. സഭയെ ദൈവജനമായി കാണുന്നതിനു പകരം തങ്ങളുടെ സ്ഥാനമാനങ്ങളും ആഡംബരജീവിതവും നിലനിർത്തുവാനുള്ള ഉപകരണങ്ങൾ മാത്രമായി കാണുന്നതിന്റെ ദർശന വൈകല്യമാണത്. സെക്ടേറിയൻ സഭകളിലേക്കും മറ്റുമുള്ള വിശ്വാസികളുടെ കൊഴിഞ്ഞുപോക്ക് തടയപ്പെടേണ്ടതു തന്നെയാണ്. തകർന്നുകൊണ്ടിരിക്കുന്ന പുത്തൻ കുരിശു സൊസൈറ്റിയിൽനിന്നും മാതൃസഭയിലേക്കു വരുവാനാഗ്രഹിക്കുന്ന വിശ്വാസി സമൂഹത്തെ ഉൾക്കൊള്ളുവാനുള്ള ഹൃദയവിശാലത സഭാനേതൃത്വത്തിനുണ്ടാകണം. വിശ്വാസപരമായും കൗദാശികമായിപോലും അന്തരങ്ങളില്ലാത്ത തൊഴിയൂർ സഭയെ പടിയടച്ചു പിണ്ഡംവയ്ക്കപ്പെട്ടവരായി കാണേണ്ടകാര്യമില്ല. ആരോഗ്യകരമായ ബന്ധങ്ങൾ അവരുമായി സ്ഥാപിക്കണം. വിശ്വാസ–കൗദാശിക മേഖലകളിൽ പരസ്പരസഹകരണം വളർത്തിയെടുക്കാം.

കേരളീയസമൂഹത്തിന്റെ ധാർമ്മികതയുടെ ശബ്ദമായി എക്കാലവും മലങ്കരസഭാതലവന്മാർ നിലനിന്നിട്ടുണ്ട്. തപോബലത്തിന്റെയും മൂല്യബോധത്തിന്റെയും ഉപോൽപ്പന്നമായിരുന്ന ആപദവി അതു നിലനിർത്തേണ്ടത് ആവശ്യമാണ്. സഭാകേന്ദ്രത്തിലെ ഭരണപരമായ നൂലാമാലകളിൽ കുടുങ്ങി വിശാലസമൂഹത്തോട് സംവേദിക്കുവാനുള്ള സമയം പാഴാക്കരുത്. കല്ല്യാണ–മാമ്മോദീസ–ശവസംസ്കാരചടങ്ങുകൾ കാതോലിക്കോസ്–മലങ്കര മെത്രാപ്പോലീത്തായുടെ സമയത്തിന്റെ സിംഹഭാഗം അപഹരിക്കരുത്. സഭയുടെ മുൻഗണനാക്രമത്തിൻമുന്നിൽ നിൽക്കുന്ന കാര്യങ്ങൾക്ക് കൂടുതൽ സമയം നീക്കിവയ്ക്കുകയും അല്ലാത്തവ സഹോദരമെത്രാന്മാരുമായി പങ്കുവയ്ക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടാകണം. മൂന്ന് ഡസനോടടുത്ത് അംഗസംഖ്യയുള്ള സുന്നഹദോസിന്റെ അദ്ധ്യക്ഷന് ഒരു മെത്രാനുചെയ്യാൻ കഴിയുന്ന കാര്യങ്ങൾക്കായി സമയം ചിലവഴിക്കാനാവില്ല. ദേശവിദേശത്തുള്ള പര്യടനങ്ങൾ ആവശ്യാധിഷ്ഠിതമായിരിക്കണം സഭയുടെ ആവശ്യങ്ങളിൽ അധിഷ്ഠിതമായത്.

എപ്പിസ്ക്കോപ്പൽ സർവ്വാധിപത്യം വേണമെന്ന് ശഠിക്കുന്ന മെത്രാന്മാരെ സീനിയർ ജൂനിയർ ഭേദമെന്യേ നിയന്ത്രിച്ചു നിർത്തണം. അൽമായക്കാർ കയ്യകലപ്പാടകലെ നിർത്തേണ്ടവരാണെന്നും ഒഴിവാക്കപ്പെടേണ്ട ശല്യക്കാരാണെന്നുമുള്ള ചിന്ത സഭയുടെ വിനാശത്തിലേക്കേ നയിക്കൂ എന്ന തിരിച്ചറിവ് മേൽപ്പട്ടക്കാരിലും പട്ടക്കാരിലും ഉണ്ടാക്കിയെടുക്കണം. സഭ ജനങ്ങൾക്കു വേണ്ടിയാണെന്നും ജനങ്ങൾ പുരോഹിതന്മാർക്കുവേണ്ടിയുള്ളതല്ലെന്നും പൗരോഹിത്യ ശ്രേണിയെ പ്രബോധിപ്പിക്കണം. ജനങ്ങളില്ലാത്ത സഭ തികച്ചും ബാലിശമായിരിക്കുമെന്ന് പറഞ്ഞ കർദ്ദീനാൾ ടിസറന്റിന്റെ പാഠങ്ങൾ റോമാസഭയിലെ എപ്പിസ്ക്കോപ്പൽ അധികാരങ്ങൾ സ്വപനം കാണുന്നവരെ ഇടക്കൊന്നോർപ്പിക്കുന്നതും നന്ന്.

സുപ്രധാന വിഷയങ്ങളിൽ പ.പിതാവിന് ഉപദേശം നൽകുവാൻ വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായവരെ ചേർത്ത് ചില സമിതികൾ രൂപീകരിക്കുന്നത് നന്നായിരിക്കും. വിവിധ വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ളവരെ ജീവിതത്തിന്റെ വിവിധ തുറകളിൽനിന്ന് കണ്ടെടുത്ത് പ്രശ്നങ്ങൾ പഠിക്കുവാൻ അവർക്ക് നൽകുകയും അവർ വസ്തുനിഷ്ഠമായി പ്രശ്നപരിഹാരത്തിനുള്ള ഒന്നിലേറെ മാർഗ്ഗങ്ങളടങ്ങിയ ശുപാർശ പഃപിതാവിന് സമർപ്പിക്കുകയും അന്തിമ തീരുമാനം എടുക്കുന്നതിന് ആ ശുപാർശകൾ സഹായകമാവുകയും ചെയ്യുന്ന ഒരു സംവിധാനം സഭാ കേന്ദ്രത്തിൽ നിലവിൽ വരുത്തുന്നതിന് കാലതാമസമുണ്ടാവരുത്. വിവിധ സമ്മർദ്ദങ്ങൾക്കടിപ്പെട്ട് തീരുമാനങ്ങളെടുക്കേണ്ടിവരുന്ന അന്തരാളഘട്ടത്തിൽ നിന്ന് സഭാതലവന്മാരെ മോചിപ്പിച്ചേ പറ്റൂ. അവധാനതയില്ലാതെ സമ്മർദ്ദങ്ങൾക്ക് വഴങ്ങിയെടുക്കുന്ന തീരുമാനങ്ങൾക്ക് സഭ പലപ്പോഴും വൻവില നൽകേണ്ടതായി വന്നിട്ടുണ്ട്. തീരുമാനമെടുക്കേണ്ടുന്നഘട്ടത്തിൽ ഒത്തുചേരുന്ന ഒരു സംഘം തല്പരകക്ഷികളുടെ സമ്മർദ്ദങ്ങൾ തീരുമാനങ്ങളെ സ്വാധീനിക്കുന്ന ദുസ്ഥിതി ഇനിയും തുടരുവാൻ പാടില്ല.

അച്ചടക്കം സഭയുടെ എല്ലാ തലങ്ങളിലും ആവശ്യമാണ്. അത് തുടങ്ങേണ്ടത് ഉന്നതാധികാര സമിതികളായ വർക്കിംഗ് കമ്മിറ്റിയിലും സുന്നഹദോസിലും തന്നെയാണ്. സുന്നഹദോസ് തീരുമാനങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന മെത്രാന്മാരും സഭയുടെ നയത്തിനെതിരെ പ്രവർത്തിക്കുന്ന വർക്കിംഗ് കമ്മറ്റിയംഗങ്ങളും അച്ചടക്കനടപടിക്കുവിധേയരാവുകതന്നെ വേണം. ചുവന്നകുപ്പായം ധരിച്ചു കഴിഞ്ഞാൽ സൂര്യനുകീഴിൽ ആരെയും വകവയ്ക്കേണ്ടതില്ല എന്ന ധാർഷ്ട്യവും വർക്കിംഗ് കമ്മറ്റിയിലോ മാനേജിംഗ് കമ്മറ്റിയിലോ അംഗമായാൽ എന്ത് തോന്ന്യാസവുമാകാമെന്ന വിശ്വാസവും വച്ചുപൊറുപ്പിക്കാതിരിക്കാൻ പുതിയ സഭാതലവനുകഴിയട്ടെ എന്നാശംസിക്കുന്നു.

അരമന വിശാരിച്ചു പാർക്കുന്ന മെത്രാൻ

ഡോ. എം. കുര്യൻ തോമസ്

അർക്കദ്യക്കോനിൽ ആരംഭിച്ച്, മാർത്തോമ്മാ എപ്പിസ്ക്കോപ്പയിലൂടെ മലങ്കര മെത്രാപ്പോലീത്തായിലും തുടർന്നു പൗരസ്ത്യ കാതോലീക്കായിലും എത്തിനിൽക്കുകയാണ് മലങ്കര നസ്രാണികളുടെ *ജാതിക്കു കത്തനാരുടെ* സ്ഥാനം. നൂറ്റാണ്ടുകൾ നീണ്ട പ്രക്രിയയിലൂടെയാണ് ഈ വികസനം സംഭവിച്ചത്.

ഇതഃപര്യന്തമുള്ള ചരിത്രം പരിശോധിച്ചാൽ ഭരിക്കുന്ന മെത്രാന് കാര്യക്ഷമമായ ഒരു കാര്യവിചാരക സംഘം ഉണ്ടായിരുന്നതായി കാണാം. പേർഷ്യയിൽനിന്നു വരുന്ന നെസ്തോറിയൻ മെത്രാന്മാരുടെ കാലത്ത് തദ്ദേശീയനായ പകലോമറ്റം അർക്കദ്യക്കോനായിരുന്നു യഥാർത്ഥ ഭരണാധികാരി. മലങ്കര നസ്രാണികളുടെ *ജാതിക്കു കത്തനാർ* എന്ന നിലയിൽ മാത്രമല്ല, പേർഷ്യൻ സഭയുടെ കാനോൻ പ്രകാരം ഇത് അനിവാര്യവുമായിരുന്നു. അർക്കദ്യക്കോനാകട്ടെ, കാര്യവിചാരം നടത്തുവാൻ ഒരു സദസ്സും ഉണ്ടായിരുന്നതായി ചരിത്രം സാക്ഷിക്കുന്നു.

മലങ്കരയിൽ തദ്ദേശീയരായ മെത്രാന്മാർ ഉണ്ടായ 1653–ൽതന്നെ അദ്ദേഹത്തിനു കാര്യവിചാരകരും ഉണ്ടായി. സർവശക്തമായ മലങ്കര പള്ളിയോഗം തന്നെയാണ് *...അന്നത്തെ വിചാരക്കാർ കടുത്തുരുത്തിൽ കടവിൽ ചാണ്ടി കത്തനാരും കുറവിലങ്ങാട്ടു പള്ളിവീട്ടിൽ ചാണ്ടി കത്തനാരും അങ്കമാലിക്കരെ വെങ്ങുര ഗീവറുഗീസു കത്തനാരും കല്ലിച്ചെരിൽ ഇട്ടിത്തൊമ്മൻ കത്തനാരും. ഈ വിചാരകർ മൂവാണ്ടിൽ കൂടിവിചാരം ഉണ്ടാകുമ്പോൾ മാറിക്കൽപിക്കയും....*വേണമെന്ന് നിശ്ചയിച്ചത്. വലിയ മാർ ദീവന്നാസ്യോസിനാകട്ടെ, സന്തത സഹചാരിയായ കായംകുളം പീലിപ്പോസു റമ്പാനും കത്തനാരുമാരുടെയും ശെമ്മാശന്മാരുടെയും വൃന്ദവും കൂടാതെ, *...മേശെക്കു വയ്ക്കുന്ന വെൺമണി വർക്കിയും, സാധനം എഴുത്തു ശ്രാപിക്കൽ കൊച്ചുവറുക്കി മുതൽപേരും...* മുതലായവരും ഉണ്ടായിരുന്നതായി *നിരണം ഗ്രന്ഥവരി*യിൽ കാണുന്നു. 1809–ൽ കണ്ടനാടു കൂടിയ മലങ്കര പള്ളിയോഗം മാർത്തോമ്മാ എട്ടാമന്റെ കാര്യ വിചാരകരായി നിയമിച്ചത് അക്കാലത്തെ മികച്ച പണ്ഡിതരായ കായംകുളം പീലിപ്പോസു റമ്പാനേയും പുലിക്കോട്ടിൽ ഇട്ടൂപ്പ് റെമ്പാനേയുമാണ്. ഇവയൊക്കയും ഒരു മെത്രാൻ മാത്രമുള്ള സാഹചര്യത്തിലാണ്.

മലങ്കരയിൽ ഒന്നിലധികം മെത്രാന്മാർ ഉണ്ടായ കാലത്തും ഈ പാരമ്പര്യം തുടർന്നു. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമന് ആറ്റുമാലിൽ സ്കറിയാ കത്തനാർ, മാലിത്ര ഏലിയാസ് കത്തനാർ, ഇടവഴിക്കൽ ഇ. എം. പീലിപ്പോസ്, പിൽക്കാലത്ത് വട്ടശ്ശേരിൽ ഗീവർഗീസ് മല്പാൻ തുടങ്ങിയവരായിരുന്നു വിചാരിപ്പുകാർ. കടവിൽ മാർ അത്താനാസ്യോസ് അങ്കമാലിയിൽ കോനാട്ട് മാത്തൻ മല്പാനേയും കോട്ടയത്ത് ഉപ്പൂട്ടിൽ കത്തനാരേയും വികാരി ജനറൽമാരായി നിയമിച്ചു. വാകത്താനം കാരു ചിറ ഗീവർഗീസ് റമ്പാനായിരുന്നു അദ്ദേഹത്തിന്റെ *അരമന വിചാരിപ്പുകാർ*. ഇതേ കാലത്ത് വട്ടശ്ശേരിൽ ഗീവർഗീസ് മല്പാനായിരുന്നു പ. പരുമല തിരുമേനിയുടെ *അരമന വിചാരിപ്പുകാർ* സ്ഥാനം വഹിച്ചിരുന്നത്.

ഇസഡ്. എം. പാറേട്ടിന്റെ ഭാഷയിൽ, *മലങ്കര മെത്രാൻ സമുദായത്തിന്റെ പൊതു സ്വത്താണന്നും, ആർക്കും ഏതു സമയത്തും അദ്ദേഹത്തെ നേരിട്ടു സമീപിക്കാവെന്നതാണന്നും, മാനുഷികമായ ആവശ്യങ്ങൾ അദ്ദേഹത്തിനും ഉള്ളതാണന്നുള്ള വിചാരം നസ്രാണിക്ക് ഇല്ലാതിരുന്ന കാലത്തും*, അദ്ദേദേഹത്തിന്റെ ഭരണ സംവിധാനത്തെപ്പറ്റി നസ്രാണികൾക്ക് വ്യക്തമായ ബോധം ഉണ്ടായിരുന്നു. അതിനാലാണ് അക്കാലത്ത് മലങ്കര മെത്രാന് രേഖാമൂലം നൽകുന്ന പരാതികളിൽ *എത്രയും പെരിയ ബഹുമാനപ്പെട്ട നമുക്കുള്ള മാർ ദീവന്നാസ്യോസ് ബാവാ തിരുമുമ്പാകെ നിൽക്കുന്ന കത്തനാരച്ചന്മാർ സൗകര്യം പോലെ വായിച്ച് തിരുമനസറിയിക്കേണ്ട്ത്* എന്നു രേഖപ്പെടുത്തിയിരുന്നത്.

ഇന്ന് പൗരസ്ത്യ കാതോലിക്കായാണ് മലങ്കര നസ്രാണികളുടെ *ജാതിക്കു കത്തനാർ*. അദ്ദേഹത്തിന്റെ കാര്യവിചാരകരെ ഭരണഘടന നിർദ്ദേശിച്ചിട്ടുണ്ട്. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ സ്റ്റാൻഡിംഗ് കമ്മറ്റിയും, മലങ്കര മെത്രാപ്പോലീത്തായുടെ ആലോചനാ സമതിയുമാണവ. ഇവ ക്രമമായി – കുറഞ്ഞത് മാസത്തിൽ ഒരിയ്ക്കലെങ്കിലും– *കൂടിവിചാരം* ചെയ്യുന്ന സംവിധാനം ഉണ്ടാകണം.

എന്നാൽ പൗരസ്ത്യ കാതോലിക്കായുടെ *അരമന വിശാരിപ്പ്* അഥവാ സെക്രട്ടറിയേറ്റ് കാലോചിതമായി വികസിച്ചിട്ടില്ല. കിഴക്കിന്റെ മഹാനായ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ രൂപപ്പെടുത്തിയ ഒരു കത്തനാരും, ഒരു മ്ശംശോനായും, ഒരു യൗഫ്ദ്യക്കിനായുമടങ്ങിയ സെക്രട്ടറിയേറ്റു സംവിധാനം, മൂന്നു ദശാബ്ദങ്ങൾക്കുശേഷവും വളർച്ച മുരടിച്ചു നിൽക്കുകയാണ്. മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദീമോസ് പ്രഥമന്റെ സെക്രട്ടറി മേല്പട്ടസ്ഥാനം ഏറ്റശേഷവും തൽസ്ഥാനത്തു തുടർന്നു എന്ന യാദൃശ്ചിക സംഭവം ഒഴിച്ചലുള്ള സ്ഥിതിയാണ്.

ഈ നില അടിയന്തിരമായി മാറേണ്ടിയിരിക്കുന്നു. പൗരസ്ത്യ കാതോലിക്കായുടെ സെക്രട്ടറിയേറ്റ് കാലോചിതവും കാര്യക്ഷമവുമായി പരിഷ്ക്കരിണം. ഒരു മ്ശംശോനായും, ഒരു യൗഫ്ദ്യക്കിനായും പൗരസ്ത്യ കാതോലിക്കായെ എല്ലായ്പ്പോഴും അനുഗമിക്കണം. കൂദാശാക്രമങ്ങളിൽ അവഗാഹമുള്ള ഒരു കത്തനാർ അല്ലങ്കിൽ റമ്പാൻ പൗരസ്ത്യ കാതോലിക്കായുടെ അർക്കദ്യക്കോനായിരിക്കണം. പള്ളി കൂദാശ പട്ടംകൊട മുതലായ ആത്മീയ ചടങ്ങുകളിൽ അദ്ദേഹവും സഹായിയായി ഉണ്ടായിരിക്കണം. ഇവരടങ്ങുന്ന പ. പിതാവിന്റെ പേഴ്സണൽ സ്റ്റാഫ് കേവലം *കൈമുത്തിനെ* ആശ്രയിച്ചു ജീവിക്കാൻ ഇടവരുന്ന സാഹചര്യം ഒഴിവാക്കി മാന്യമായ ശമ്പളം നൽകുന്ന ക്രമീകരണം ഉണ്ടാകണം.

ഇവയേക്കാളൊക്കെ ഉപരിയായി, പ. പിതാവിന്റെ മുഖ്യ കാര്യവിചാരകൻ (സെക്രട്ടറി) ഒരു മേല്പട്ടക്കാരാകുന്ന സ്ഥിരം സംവിധാനം ഉണ്ടാകണം. ലോകമെങ്ങുമുള്ള ചെറുതും വലുതുമായ സഭകളെ പരിശോധിച്ചാൽ അവയ്ക്കെല്ലാം *അരമന വിശാരിച്ചു പാർക്കുന്ന മെത്രാൻ* ഒന്നോ അധിലധികമോ ഉള്ളതായി കാണം. സമീപകാലത്ത് കേരളത്തിലെ രണ്ടു റോമൻ കത്തോലിക്കാ റീത്തുകൾ കൂരിയാ മെത്രാനെ വാഴിച്ചതും ഇവിടെ സ്മരണീയമാണ്.

പൗരസ്ത്യ കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തായും, ഇന്ത്യയൊക്കയുടേയും വാതിലുമായ പ. പിതാവിന്റെ സ്ഥാന മഹത്വത്തിനു മാത്രമല്ല, അനുദിനം വിശാലവും സങ്കീർണ്ണവുമായിക്കൊണ്ടിരിക്കുന്ന കാതോലിക്കേറ്റ് ഓഫീസിന്റെ ഭരണം കാര്യക്ഷമമായി നടക്കുന്നതിനും ഇത് അത്യന്താപേക്ഷിതമാണ്. പൗരസ്ത്യ കാതോലിക്കായ്ക്ക് ഒരു *അരമന വിശാരിച്ചു പാർക്കുന്ന മെത്രാൻ* ഉണ്ടാകണം. അദ്ദേഹം പ. പിതാവിനെ അനുയാത്ര ചെയ്യേണ്ടതില്ല. മറിച്ച് ഓഫീസ് ഭരണം കാര്യക്ഷമമാക്കുകയാണ് വേണ്ടത്. മുകളിൽ പറഞ്ഞ അർക്കദ്യക്കോനെ അദ്ദേഹത്തിന്റെ സഹായിയുമാക്കാം.

സംഭാവനകളും മണിയോർഡറുകളും

സംഭാവനകൾ, M.O., വരിസംഖ്യ തുടങ്ങിയവ ജോർജ്ജ് മാത്യൂ, ട്രഷറർ, അൽമായാവേദി, ചാക്കാലപറമ്പിൽ, വടക്കേവീട്, പുത്തനങ്ങാടി, കോട്ടയം – 686 001. എന്ന വിലാസത്തിൽ അയക്കുക. Ph: 9387963931

ഇഷ്ടികപ്പള്ളിയും മാതാവിന്റെ കണ്ണുനീരും

ഷിബു, വാകത്താനം

കോട്ടയം ഭദ്രാസനാധിപനായിരുന്ന പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയുടെ കല്പന പ്രകാരം പുതുപ്പള്ളി പള്ളിയിലെ ഒരു വൈദികനായി നിയമിതനായ 'ഏശാവ് കത്തനാര്' തനിക്ക് നിയമന കല്പന തന്ന മെത്രാപ്പോലീത്താ പുതുപ്പള്ളി പള്ളിയിൽ കയറി ആരാധന നടത്തുന്നതിന് കോടതിയിൽ നിന്നും സ്റ്റേ വാങ്ങി. പാത്രിയർക്കീസിന്റെ ആധിപത്യം പുതുപ്പള്ളി പള്ളിയിൽ സ്ഥാപിച്ച് എടുക്കുന്നതിനുവേണ്ടി അദ്ദേഹം പല ശ്രമങ്ങളും നടത്തി. ത്രോണോസിൽ കഠാരി എടുത്തു വച്ചുകൊണ്ട് കുർബ്ബാന ചൊല്ലുവാൻ വരെ തയ്യാറായി. 3 വൈദീകരിൽ ഒരാളായിരുന്ന ഏശാവ് അച്ചന് മറ്റു രണ്ടു തവണകളിൽ കുർബ്ബാന ചൊല്ലുന്നതിനുവേണ്ടിയാണ് പുതുപ്പള്ളി പള്ളിയുടെ പടിഞ്ഞാറ് വശത്ത് ഇരവിനല്ലൂരിൽ പുതിയ പള്ളി പണിതത്. പഴയ കാലങ്ങളിൽ കുടുംബവും തറവാടിത്തവും ഉണ്ടായിരുന്ന വീട്ടുകാരുടെ വീട്ടുപേര് അവരുടെ പറമ്പിൽ കിടന്നവർ ഉപയോഗിക്കുന്നതുപോലെ. ഇവരവിനല്ലൂരിൽ പുതിയ പള്ളി പണിതിട്ട്, പള്ളിക്ക് പേരിട്ടു. പുതുപ്പള്ളി സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപ്പള്ളി. പുതുപ്പള്ളിയിൽ ഇതേ പേരിൽ ഒരു പള്ളി നിലവിലില്ല.

അമേരിക്ക, സൗദി അറേബ്യയിൽ വന്നു നിന്നുകൊണ്ട് സദ്ദാം ഹുസൈനോട് യുദ്ധം ചെയ്തതുപോലെ പുതുപ്പള്ളി പള്ളിയോട് യുദ്ധം ചെയ്വാൻ വേണ്ടിയാണ് ഇരവിനല്ലൂരിൽ ഏശാവ് അച്ചനും കൂട്ടരും പള്ളി പണിതത്. അതിനുവേണ്ടി 10 സെന്റ് സ്ഥലം മണർകാട് പള്ളി ഇടവകക്കാരനായ ഒരാളുടെ പേരിൽ വാങ്ങുകയും ഇഷ്ടിക ഉണ്ടാക്കുന്നതിനുള്ള കെട്ടിടം പണിയുവാൻ അനുവാദം ലഭിക്കുന്നതിനു വേണ്ടി പുതുപ്പള്ളി പഞ്ചായത്തിൽ അപേക്ഷ കൊടുക്കുകയും ചെയ്തു. ഇഷ്ടിക നിർമ്മാണത്തിന് അനുവദിച്ച കെട്ടിടം പണി തീർന്നപ്പോൾ അതിന്റെ മുകളിൽ കുരിശുനാട്ടി "പള്ളി" എന്നു പേരിട്ടു. ഇതിനെ നാട്ടുകാർ "ഇഷ്ടികപ്പള്ളി" എന്നു വിളിക്കുന്നു.

സ്ഥലം പേരിൽ വാങ്ങിയ മണർകാട്കാരന് അധികം താമസിയാതെ മാനസിക വിഭ്രാന്തി ഉണ്ടാകുകയും അയാൾ പശ്ചാത്തപിച്ച് ആഴ്ചകളോളം പുതുപ്പള്ളിപള്ളിയുടെ കുരിശും തൊട്ടിയിൽ ചുറ്റുവിളക്ക് കത്തിക്കുകയും ചെയ്തു. ഇയാൾ അകാലത്തിൽ ചരമം പ്രാപിച്ചു. ഇഷ്ടികപ്പള്ളി പണിക്ക് നേതൃത്വം കൊടുത്ത ഉന്നത കുടുംബക്കാരനായ മറ്റൊരാൾ പള്ളി പണി തീരുന്നതിനുമുമ്പ് പള്ളിക്കകത്തുവച്ചു തന്നെ ദാരുണമായി മരണമടഞ്ഞു. ഇഷ്ടികപ്പള്ളിയിൽ പോയി പ്രാർത്ഥിക്കുന്നവർക്കെല്ലാം ക്ലേശവും ദുരിതവും അകാലമരണവും ഫലം. ഇഷ്ടികപ്പള്ളിപൊളിച്ച് 2008–ൽ പുതിയപള്ളിപണിത് 10 മിനിറ്റുകൊണ്ട് കൂദാശനടത്തി. പള്ളിയുടെ വടക്കുവശത്ത് ഉണ്ടായിരുന്ന പുറമ്പോക്ക് സ്ഥലം 10 മീറ്റർ വീതിയിൽ ബ്യൂട്ടിഫിക്കേഷന്റെ മറവിൽ പള്ളിവക സ്ഥലമാക്കി മാറ്റി. അതിന് എല്ലാവിധ ഒത്താശയും ചെയ്തു കൊടുത്ത ഉന്നതനായ നേതാവിനും വിദേശത്തുവച്ച് ആയുഷ്ക്കാലം ഇരിക്കത്തക്ക രീതിയിൽ നടുവിനും പണികിട്ടി. പള്ളി പുതുക്കിപ്പണിയുന്നതിന് മേൽനോട്ടം വഹിച്ചവർക്കും കൂട്ടുനിന്നവർക്കും പിരിവ് കൊടുത്തവർക്കും വാഹനാപകടം, മക്കൾ, മരുമക്കൾ മരണം, ആയുസ്സിന്റെ മദ്ധ്യത്തിൽ ഹാർട്ട് അറ്റാക്ക് അവിടെ പോയി പ്രാർത്ഥിക്കുന്നവർക്കും അത്ഭുതം കാണുന്നവർക്കും ഇതുതന്നെ ഫലം.

2പത്രോസ് 2:1–3 കള്ളപ്രവാചകൻമാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും. അവരുടെ ദുഷ്ക്കാമപ്രവൃത്തികളെ പലരും അനുകരിക്കും. അവർ നിമിത്തം സത്യമാർഗ്ഗം ദുഷിക്കപ്പെടും. അവർ ദ്രവ്യാഗ്രഹത്താൽ കൗശലവാക്ക് പറഞ്ഞ് നിങ്ങളെ വാണിഭമാക്കും. ഈ വേദഭാഗം അന്വർത്ഥമാക്കിക്കൊണ്ട് നവംബർ 18–ാം തീയതി മുതൽ ഇഷ്ടികപ്പള്ളിയിൽ "ദൈവമാതാവിന്റെ കണ്ണുനീർ" എന്നുംപറഞ്ഞ് വിശ്വാസികളെ വഞ്ചിക്കുന്നു. മള്ളിയിൽ അന്നമ്മയുടെ വീട്ടിലെ കലണ്ടറിൽകൂടി മാതാവ് കരഞ്ഞ് കണ്ണുനീർ ഒഴുക്കുന്നു. കണ്ണുനീർ ഇഷ്ടികപ്പള്ളിയിൽ കൊണ്ടുവന്ന് വയ്ക്കുന്നു ദ്രവ്യാഗ്രഹം മൂത്ത് കൗശലവാക്കുപറഞ്ഞ് പാവപ്പെട്ട ജനങ്ങളുടെ പണം തട്ടിയെടുക്കുന്നു.

ഒരു ഭവനത്തിന്റെ ഐശ്വര്യം ആ ഭവനത്തിലെ അമ്മയാണ്. അമ്മയ്ക്ക് സന്തോഷം ഉണ്ടാകണം. അമ്മ തന്റെ മക്കളെ അനുഗ്രഹിക്കണം. അമ്മ ദുഃഖിതയായി കരഞ്ഞ് കണ്ണുനീർ ഒഴുക്കുകയാണെങ്കിൽ ആ വീടിന്റെ നാശം അടുത്തിരിക്കുകയാണ്.

പുതുപ്പള്ളി വലിയപള്ളിയിലെ കുർബ്ബാന സമയത്ത് ഇഷ്ടികപ്പള്ളിയിൽനിന്നും ഉച്ചഭാഷിണി ഉപയോഗിച്ച് പാട്ടുകൾ പാടുന്നതും ടേപ്പ് റിക്കോർഡർ ഇട്ട് കുർബ്ബാനയ്ക്ക് തടസ്സമുണ്ടാക്കുന്നതിനും മറ്റുമുള്ള ദൈവകോപം താമസ്സം കൂടാതെ വന്നു ചേർന്നു കൊള്ളും. മാതാവു മാത്രമല്ല പലരും കരയേണ്ടിവരും.

2 തീമോത്തിയോസ് 2:9,16 ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ച് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊള്ളുക. അതാകുന്നു എന്റെ സുവിശേഷം. (കണ്ണുനീരോ കലണ്ടറോ അല്ല). ഭക്തിവിരുദ്ധമായ വ്യർത്ഥാലാപങ്ങളെ ഒഴിഞ്ഞിരിക്ക. ആ വകക്കാർക്ക് അഭക്തി അധികം മുതിർന്നുവരും. അവരുടെ വാക്ക് അർബുദ വ്യാധിപോലെ തിന്നുകൊണ്ടിരിക്കും. ഹുമനയോസും ഫിലത്തോസും അവരുടെ കൂട്ടത്തിൽ ഉള്ളവർ ആകുന്നു. ഇവരുടെ കൂട്ടത്തിൽ ഉൾപ്പെടാതെ ഇഷ്ടികപ്പള്ളിക്കാർ ജീവിച്ചാൽ നാശം ഭവിക്കാതിരിക്കും.

പെരുമ്പള്ളിയൽ "തെങ്ങ് പനയാക്കിയവരുടെ" പിൻതലമുറക്കാരുടെ അടയാളങ്ങളും അത്ഭുതങ്ങളും ഇനിയും പ്രതീക്ഷിക്കാം. "പുരുഷാരം യേശുവിനോട്: ഗുരോ നീ ഒരു അടയാളം ചെയ്തു കാണ്മാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു – യേശു അവരോട് ദോഷവും വ്യഭിചാരവും ഉള്ള തലമുറ അടയാളം തിരയുന്നു. യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിനു അടയാളം ലഭിക്കുകയില്ല. (മത്തായി 12:39) നിനുവാ പട്ടണത്തിനും യോനാ പ്രവാചകനും സംഭവിച്ച കാര്യങ്ങൾ പുതുപ്പള്ളിയിലും പരിസര പ്രദേശങ്ങളിലും സംഭവിക്കാതിരിക്കട്ടെ.

കത്തുകളും കുത്തുകളും

വെല്ലുവിളി

മാതാവിന്റെ ചിത്രത്തിൽ നിന്നും ഒഴുകി എന്ന് പറഞ്ഞ് പരത്തുന്ന കണ്ണുനീർ ഗവൺമെന്റിന്റെ ഏതെങ്കിലും ഒരു ലാബോറട്ടറിയിൽ പരിശോധനക്ക് വിധേയമാക്കി നിജസ്ഥിതി ജനങ്ങലെ ബോദ്ധ്യപ്പെടുത്തുവാൻ ധൈര്യമുണ്ടോ?

ബാബു കറ്റാനം.

ഓർത്തഡോക്സുകാരോട് കൂറില്ല എന്ന കാട്ടാൻ കൂറിലോസിന്റെ തന്ത്രമാണ് പരുമലയിലെ ബദൽപ്പള്ളി.

2002–ൽ പ.പരുമല തിരുമേനിയുടെ 100–ാം ചരമദിനത്തോടനുബന്ധിച്ച് ബന്നിയാമിൻ തിരുമേനിയും മർക്കോസു തിരുമേനിയും തെക്കുനിന്ന് പഃപരുമല തിരുമേനിയുടെ ഒരു ചിത്രം വഹിച്ച് പുത്തൻകുരിശിലേയ്ക്ക് ഒരു ഘോഷയാത്ര നടത്തി. ആയാത്രയ്ക്ക് സ്വീകരണം ലഭിച്ച സ്ഥലങ്ങളിലും അല്ലാത്തിടത്തും ഈ മെത്രാന്മാർ പ്രസംഗിച്ചു. പരുമല കബർ പിളർന്ന് ചാത്തുരുത്തി ബാവ (പ.പരുമല തിരുമേനി) മുളന്തുരുത്തിവഴി പുത്തൻകുരിശിലേയ്ക്ക് മാറി. എന്തായാലും ആ പ്രഖ്യാപനത്തോടെ വർഷം തികയുംമുമ്പ് അവർ ഇഹലോകം വെടിഞ്ഞു.

പുത്തൻകുരിശിലെ ഒരു തെങ്ങിൻതോപ്പിൽ 101 മ്മേൽ കുർബ്ബാനയും അർപ്പിച്ചു. 101 ധൂപകുറ്റികൾ വീശി പുക മൂലം ജനകൂട്ടത്തിൽ ശ്വാസമുട്ടലനുഭവപ്പെട്ടതും പലരേയും ആശുപത്രിയിലാക്കിയതും ചരിത്രസംഭവമല്ല. അന്നല്ലേ സഭാചരിത്രത്തിലാദ്യമായി വി.കുർബ്ബാനയ്ക്ക് ധൂപം ഇനി ആവശ്യമില്ലെന്ന് നമ്മുടെ ശ്രേഷ്ഠ ബാവ കല്പിച്ചത്. അതിനു ശേഷം രണ്ടോ, മൂന്നോ തവണ തൃക്കുന്നത്തു സെമിനാരി കബറിലെ ധൂപപ്രാർത്ഥനക്കും ധൂപം ഇല്ലായിരുന്നു.

അങ്ങിനെ പരുമല തിരമേനി പുത്തൻകുരിശിലെങ്കിൽ എന്തിന് പരുമലപ്പള്ളിയ്ക്ക് ബദലായി ഒരു പള്ളി പണിയണം? ആലുവ തൃക്കുന്നത്തു സെമിനാരി പടിക്കലെ കുരിശും സത്യഗ്രഹപന്തലും, പുതുപ്പള്ളിയിലെ പള്ളികൾ തമ്മിലുള്ള ഉച്ചഭാഷണി സമരവും പരുമലയിലേയ്ക്കും വ്യാപിക്കണമോ? ഡോ. ബാബുപോളിലെപോലുള്ളവരും പ്രശ്നങ്ങൾ വളർത്താനുതകുന്ന പ്രസ്താവനകൾ ഇറക്കാതിരുന്നെങ്കിൽ എന്നാശിക്കുന്നു.

ജോസുകുട്ടി പുതുപ്പള്ളി

പരുമലയിലെ ബദൽപള്ളി

ബദൽപള്ളി എന്ന പ്രയോഗം കൊച്ചുമോൻ കൂറീലോസിന് ഇഷ്ടമായില്ല. സ്വന്തക്കാരനായ ഓർത്തഡോക്സിലെ ഗീവർഗ്ഗീസ്സ് മാർകൂറിലോസിന്റെ ബദലായല്ലേ. കൊച്ചുമോനച്ചനെ ഗീവർഗ്ഗീസ് മോർ കൂറീലോസാക്കിയത്. പരുമല പള്ളിയ്ക്ക് ബദലായിട്ടാണ് കൊച്ചുമോൻ തിരുമേനിയും പുതിയപള്ളിപണിയുക. കാതോലിക്കായും ഭരണഘടനയും വേണ്ടാത്ത ബാവകക്ഷിയല്ലേ ഈ തോമസ്സ് പ്രഥമനെ ബദൽകാതോലിക്കാ ആക്കി 2002ലെ ബദൽ ഭരണഘടന സൃഷ്ടിച്ചത്. അങ്ങിനെ പുത്തൻകുരിശിലെ പുത്തൻസഭയും അതിന്റെ എല്ലാ പ്രവർത്തനവും ബദൽ പ്രയോഗം തന്നെ – വി.എൻ. തോമസ്, കുറിച്ചി.

മലങ്കര സഭ മാസികയിൽ കഴിഞ്ഞ രണ്ടു ലക്കങ്ങളിൽ അച്ചടിച്ചുവന്ന ചില കത്തുകളാണ് ഈ കുറിപ്പിന് ആധാരം. ഇങ്ങിനെയൊന്ന് ആ പ്രസിദ്ധീകരണത്തിൽ അച്ചടിക്കില്ല എന്നുറപ്പുള്ളതുകൊണ്ടാണ് നിങ്ങൾക്കെഴുതുന്നത്.

മനോരമയുടെ മുഖ്യപത്രാധിപർ കെ.എം. മാത്യുവിന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് സഭവക സ്ഥാപനങ്ങൾക്ക് അവധികൊടുത്തതിന് ഔചിത്യമില്ല, പ്രത്യേകിച്ച് മനോരമ അന്ന് പതിവുപോലെ പ്രവർത്തിക്കുകയും ചെയ്ത സാഹചര്യത്തിൽ അതിൽ ക്ഷുഭിതരായ സി.എൻ. ജോർജ്ജ് ചെർത്തലാട്ടും തമ്പി എന്ന മറ്റൊരാളും കെ.സി. മാമ്മൻമാപ്പിളയും കെ.എം. മാത്യുവും സഭക്കുവേണ്ടിയനുഷ്ഠിച്ച സേവനങ്ങളെയും മറ്റും വാഴ്ത്തി കൊണ്ട് മറുപടിയുമെഴുതി. കെ.സി. മാമ്മൻ മാപ്പിള തികഞ്ഞ സഭാസ്നേഹിയും സഭക്കുവേണ്ടി ധീരമായ നിലപാടെടുക്കയും ചെയ്തിട്ടുണ്ട് എന്നതിന് സംശയമില്ല. എന്നാൽ കെ.എം. മാത്യുവിന്റെ കാര്യത്തിൽ അങ്ങിനെയല്ല. (തുടർന്ന് കെ.എം. മാത്യുവിന്റെ സഭാപരമായ നിലപാടുകളെ നിശിതമായി വിമർശിച്ചുകൊണ്ടെഴുതിയ ഭാഗങ്ങൾ ഇവിടെ ചേർക്കുന്നില്ല. കെ.എം. മാത്യു ജീവിച്ചിരുന്ന കാലത്ത് ഞങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുള്ള പലകാര്യങ്ങളും അതിൽപെടുന്നു. വാങ്ങിപ്പോയ വ്യക്തികളെക്കുറിച്ചുള്ള വിമർശനങ്ങൾ പ്രസിദ്ധീകരിക്കുന്നത് ശരിയല്ല എന്ന അൽമായ വേദിയുടെ പ്രഖ്യാപിത നിലപാട് ഞങ്ങൾ പല തവണ വ്യക്തമാക്കിയിട്ടുണ്ട്. പത്രാധിപർ)

പ്രസക്തമായവിഷയം അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ളതും മരിച്ച നിമിഷംവരെ അദ്ദേഹം പത്രാധിപരായിരുന്നതുമായ സ്ഥാപനം, അവധിനൽകി അദ്ദേഹത്തോടുള്ള സ്നേഹം പ്രകടിപ്പിക്കണ്ട എന്നു തീരുമാനിച്ചപ്പോൾ സഭയുടെ സ്ഥാപനങ്ങൾക്ക് ഒരവധി കൊടുത്തതിലെ അസാംഗത്യമാണ്. സി.എൻ. ജോർജ്ജിനെപ്പോലെ ദേവലോകത്തെ സ്ഥിരം മുഖങ്ങൾ സമ്മർദ്ദം ചെലുത്തിയാവും ബാവാതിരുമേനിയെക്കൊണ്ട് അപ്രകാരം തീരുമാനമെടുപ്പിച്ചത്. ആ തീരുമാനത്തിലെ അസാംഗത്യം ചൂണ്ടിക്കാണിച്ചതിൽ പ.പിതാവിന് പ്രയാസമൊന്നുമുണ്ടായിക്കാണാൻ വഴിയില്ല. ബാവാ തിരുമേനിക്ക് തെറ്റിക്കൂടാ വരമുണ്ട് എന്ന് ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നില്ലല്ലോ.

പിന്നെ, സി.എൻ. ജോർജ്ജ് എന്തധികാരത്തിലാണ് "സഭാനേതൃത്വത്തിൽനിന്ന് അവസാനമായി കെ.എം. മാത്യുവിനെക്കണ്ടത് അദ്ദേഹമാണെന്ന് അവകാശപ്പെടുന്നത്? ഏതുവകയിലാണ് അദ്ദേഹം സഭാനേതാവായത്? പീരുമേട് എൻജിനീയറിംഗ് കോളജിന്റെ ഭരണസമിതിയംഗം എന്നതിലുപരി എന്ത് നേതൃസ്ഥാനമാണ് ടിയാന് സഭയിലുള്ളത്? വർക്കിംഗ് കമ്മറ്റിയിലോ മാനേജിംഗ് കമ്മറ്റിയിലോ ടിയാന്റെ പേര് ഇപ്പോൾ കാണുന്നില്ല. കെ.സി. മാമ്മൻ മാപ്പിളയും എന്റെ പിതാവുമൊക്കെ ദേവലോകം വാങ്ങിക്കുവാനായി പിരിവു നടത്തിയിരുന്ന കാലത്ത് ടിയാന്റെ സഭാപരമായ നില പാടെന്തന്നറിയാവുന്നവർ ഇവിടെയുണ്ടെന്നും മനസ്സിലാക്കുക. രാജാവിനെക്കാളേറെ രാജഭക്തന്മാരായി നടിക്കുന്നവർക്ക് രാജ്യത്തിന്റെ ക്ഷേമത്തെക്കാൾ സ്വാർത്ഥലാഭം മാത്രമാവും ലക്ഷ്യമെന്നും മനസ്സിലാക്കുക.

കെ.എം. കൊല്ലാട്ട്.

കത്തുകളും കുത്തുകളും

കട്ടച്ചിറയിലും പുതുപ്പള്ളിചിറയിലും പുതിയ പള്ളികളിൽ മാതാവ് കരയുന്നതിൽ പുതുമയില്ല.

1970 കളിൽ മലങ്കര ഓർത്തഡോക്സ് സഭയിലെ ഗീവർഗ്ഗീസ്, കത്തനാർ (പെരുമ്പള്ളിക്കത്തനാർ) മുളന്തുരുത്തിയിൽ വലിയ ഒരു പന തെങ്ങാക്കി, കുരുടനു കാഴ്ച നൽകി മുടന്തൻ നടന്നു. പഃഔഗേൻ പ്രഥൻ ബാവ സ്ഥാപിച്ച മുളന്തുരുത്തിയിലെ പരുമല തിരുമേനിയുടെ നാമത്തിലുള്ള കുരിശിൻതൊട്ടി തന്റെ അത്ഭുത സിദ്ധികളുടെ താവളമാക്കി ആയിരങ്ങൾ സൗഖ്യത്തിനായി അവിടെക്കോടി. കോടികൾ സമ്പാദിച്ച ശേഷം കോലഞ്ചേരി ആശുപത്രിയിലെ തോമസച്ചനേക്കൂട്ടി ബോംബേക്കുപോയി മടങ്ങി എത്തിയപ്പോൾ ഇരുവരും മെത്രാന്മാരായി. ഇന്ത്യൻ ദേശീയ ക്രൈസ്തവസഭയായ മലങ്കരഓർത്തഡോക്സ് സഭയുടെ പള്ളികളിൽ അതിക്രമിച്ചുകടന്നു. കണ്ടവർക്കെല്ലാം പട്ടം കെട്ടി. ഓടിളക്കിയും മേൽക്കൂരകൾ പൊളിച്ചും പള്ളികൾക്കുള്ളിൽ കയറി പറ്റിയ പല പട്ടക്കാരും പള്ളിയുടെ മൂലകളിൽ മലവിസർജ്ജനംവരെ ചെയ്തു. ഇത്തരം വൈരുദ്ധ്യങ്ങളെയും, അതിക്രമങ്ങളെയും അതിവിശുദ്ധമായി കരുതാനും മലങ്കരസഭയിൽ ആളുകൾ ഉണ്ടായി. അമ്മയെ തല്ലിയാലും അനുകൂലിക്കാനാളുണ്ടാകുമല്ലോ. പിന്നെയാണോ മാതാവിനെകരയിപ്പിച്ച് പണം സമ്പാദിക്കുന്നതിൽ തെറ്റുണ്ടാകുക.

മാർത്തോമ്മാ പൈതൃകത്തെ പുച്ഛിച്ചുതള്ളുമ്പോൾ ദൈവമാതാവ് കരയാതിരിക്കില്ല. 2002 ലെ പുത്തൻകുരിശ് സഭയുടെ പുത്തൻ പള്ളികളിലും കുരിശടികളിലും മാത്രം അത്ഭുതങ്ങളും അടയാളങ്ങളും കാട്ടിയാലെ എന്റെ പേര് എടുത്ത് അനേകർ വരും എന്നും അത്ഭുതങ്ങളും അടയാളങ്ങളും കാട്ടും എന്ന തിരുവെഴുത്ത് നിറവേറ്റുകയുള്ളു. അതിലുപരി നിയമപരമായും നയപരമായും നിലനില്പില്ലാത്ത ഒരു പ്രസ്ഥാനം ജനഹൃദയങ്ങളിൽ സ്ഥാനം പിടിക്കണമെങ്കിൽ ഇത്തരം തറപ്പണി ആവശ്യം തന്നെ – ടി.കെ. തൃക്കോതമംഗലം

ഏതാനും വർഷം മുൻപ് നലുന്നാക്കലും മാതാവ് പ്രത്യക്ഷപ്പെട്ടു.

വാകത്താനം നാലുന്നാക്കൽ സെന്റ് ആദായിസ് പള്ളികരിപ്പാലച്ചന്മാരുടെ പിതൃസ്വത്തായ സ്ഥലത്ത് അവർ സ്ഥാപിച്ച പള്ളിയാണ്. പക്ഷെ കക്ഷിവഴക്കിൽപ്പെട്ട് സമാധാന കാംക്ഷികളായവർ ആ പള്ളിയിൽനിന്ന് മാറിപ്പോയി. അങ്ങിനെ പള്ളി അന്ത്യോഖ്യാവിശ്വാസികളുടെ ആധിപത്യത്തിലായി. പുതിയപള്ളി കൂദാശചെയ്തത് പാറേട്ട്മാർ ഈവാനിയോസ്സ് പിതാവാണ്. പക്ഷേ ആ ഫലകവും എടുത്തുമാറ്റി. ഇതല്ലാ നമ്മുടെ വിഷയം. ഈ പള്ളിയുടെ ഓഡിറ്റോറിയം പണിയുടെ സമയത്ത് തെങ്ങണാ മണർകാട് റോഡിന്റെ സൈഡിൽ (പള്ളിയുടെ മുന്നിൽ ഉള്ള കുരിശടിക്കുസമീപം ഏതോ ഭിത്തിയിൽ മാതാവും കുഞ്ഞും പ്രത്യക്ഷപ്പെട്ടു പണം വീഴിച്ചു. ഓഡിറ്റോറിയം പണി ഭംഗിയായിനടന്നു. അതിനുശേഷമാകാം മാതാവ് കരയാനായി കട്ടച്ചിറയിലേയ്ക്ക് പോയത് – ഏബ്രഹാം വർഗീസ്, വാകത്താനം

കണ്ടത്തിൽ പള്ളിയിലും അത്ഭുതം ഉണ്ടായിരുന്നു. – തൃക്കോതമംഗലം

പുത്തൻകുരിശ് സഭവക പുത്തൻപള്ളിയായ കണ്ടത്തിൽപള്ളിയിൽ അവിടുത്തെ മരണമടഞ്ഞ വികാരിയും വാകത്താനംകാരനായ ജ്യോതിഷപണ്ഡിതനും ഒരു ഹൈന്ദവസന്യാസിയുംകൂടി പ.പരുമല തിരുമേനിയും തോമസ്സ് പ്രഥമൻ ബാവ മുടക്കി ഊരുവിലക്കിയ തീമോസിയോസ്സ് തിരുമേനിയും, വികാരിയുടെയും, ജ്യോതിഷന്റെയും സന്യാസിയുടെയും കൈവള്ളയിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ആ കാലഘട്ടത്തിൽ അവിടെയും അത്ഭുതങ്ങൾ നടന്നതായി പരക്കെ പറഞ്ഞിരുന്നു – പി.എം. മാത്യു, ഇരവിനല്ലൂർ

ആത്മായാവേദി ലഭിക്കുന്നില്ല.

കഴിഞ്ഞ മൂന്നുമാസമായി ആത്മായവേദി ലഭിക്കുന്നില്ല. പ.പൗലൂസ് ദ്വിതിയൻ ബാവയുടെ തെരഞ്ഞെടുപ്പുകാലത്തെ ഒരു ലക്കത്തിൽ പ.പിതാവിനെ ഈ സ്ഥാനത്തെയ്ക്ക് സമർപ്പിച്ചിട്ടുള്ള ലേഖനം എനിക്ക് ഫയൽ ചെയ്തു സൂക്ഷിക്കുവാനാ

ശേഷം 4–ാം പേജിൽ കോളം 3

ഏറ്റവും വലിയ മദ്ധ്യസ്ഥൻ ക്രിസ്തുവത്രേ: ഇന്ത്യൻ പ്രശ്നങ്ങളുടെ തീർപ്പുകല്പിക്കുന്ന പ്രഥമ മാനുഷിക മദ്ധ്യസ്ഥൻ ബഃ സുപ്രീംകോടതിയും

ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ

സഭായോജിപ്പിനു ഉതകുംവിധം ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുണ്ടായപ്പോൾ അതിനെ സ്വാഗതം ചെയ്യുകയും കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസായിരുന്ന ജസ്റ്റീസ് മളിമഠിനെ നിരീക്ഷകനായിവയ്ക്കാൻ സുപ്രീംകോടതിയിൽ ഫീസുവരെ കെട്ടിവച്ചവർ പരുമലയിലെ സംയുക്ത അസ്സോസിയേഷനിൽ നിന്ന് വിട്ടുനിന്നു. ആ യോഗത്തിൽ വന്ന് സുപ്രീംകോടതി ഉത്തരവ് മാനിച്ചവരും എതിർവിഭാഗത്തുനിന്നുവന്ന മെത്രാന്മാരും മാതൃസഭയിൽ ചേർന്നു.

കുറച്ചുപേർ തോമസ് പ്രഥമന്റെ നേതൃത്വത്തിൽ 2002ൽ പുതിയ സഭയും ഭരണഘടനയും ഉണ്ടാക്കി സഭവിട്ടു. രാജ്യത്തെ എല്ലാ പ്രശ്നങ്ങൾക്കും മദ്ധ്യസ്ഥനായി നില്ക്കുന്ന പരമോന്നത കോടതിയുടെ മദ്ധ്യസ്ഥതയും ഒത്തുതീർപ്പുകല്പനയും. അനുസരിക്കാത്തവരെ ഇനി ഏതു മദ്ധ്യസ്ഥർ തൃപ്തിപ്പെടുത്തും. ഈക്കൂട്ടർ തൃപ്തരാകണമെങ്കിൽ കോടതി ഉത്തരവും നീതിന്യായവ്യവസ്ഥകളും നടത്തി എടുക്കാൻ കെല്പുള്ള സഭാ നേതൃത്വവും, നിഷ്പക്ഷമതികളായ നീതിജ്ഞന്മാരും, നിയമപാലകരും, ഗവൺമെന്റും ഉണ്ടാകണം.

കാലാകാലങ്ങളിൽ ഇന്ത്യയിലെ ദേശീയ സഭയായ മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്ന് വൈദേശിക സഭകളിലേയ്ക്ക് മാറുന്നവർക്ക് ഈ സഭയുടെ പള്ളികൾ ഭാഗിച്ചുനല്കുന്നത് എങ്ങിനെ. അങ്ങിനെയെങ്കിൽ പാക്കിസ്ഥാനും, ചൈനയും ആവശ്യപ്പെടുന്ന കാശ്മീരിന്റെ ഭാഗങ്ങൾ അവർക്കായി വിട്ടുകൊടുക്കാൻ മദ്ധ്യസ്ഥരെ നിയമിക്കാൻ ഇന്ത്യ തയ്യാറാകുമോ? ഇന്ത്യക്കാരായ പാക്കിസ്ഥാൻ, ചൈന അനുഭാവികളാണ് കാശ്മീർ ആ രാജ്യങ്ങൾക്കു നല്കുവാൻ കലാപവും അക്രമവും നടത്തുക. അതുപോലെ സിറിയൻ പാത്രീക്കീസിനുവേണ്ടി ഇന്ത്യയിലെ ചില ക്രൈസ്തവർ മലങ്കരസഭയുടെ പള്ളികൾ കൈയ്യേറുന്നതു ചെറുത്ത് യഥാർത്ഥ സഭാംഗങ്ങളെ സംരക്ഷിക്കാനുള്ള കടമ ഇവിടുത്തെ നീതിന്യായ വ്യവസ്ഥയിലില്ലേ?

ഇന്ത്യൻ നാഷണൽ കോൺഗ്രസ് പിളർന്നപ്പോഴും, കേരള കോൺഗ്രസ്സ് പിളർന്നപ്പോഴും ഔദ്യോഗിക വിഭാഗങ്ങൾ ന്യൂനപക്ഷമായിരുന്നു എങ്കിലും അധികാരമില്ലാഞ്ഞിട്ടും ആസ്ഥാനമന്ദിരങ്ങൾ അവർക്കുനൽകിയ കോടതി ഉത്തരവുകൾ എത്ര കോൺഗ്രസ്സിന്റെ കേന്ദ്ര ഓഫീസ്സ് ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്നിട്ടുപോലും കോടതി നിജലിംഗപ്പായിക്കാണ് നല്കിയത്.

പക്ഷെ സഭാ പ്രശ്നത്തിൽ സുപ്രിംകോടതി ഉത്തരവ് നടപ്പാക്കി കൊടുക്കേണ്ട കീഴ്കോടതികളും, ഗവൺമെന്റും നിസംഗത കാട്ടുന്നതാണ് സഭാ പ്രശ്നം വർഷങ്ങളായി തുടരുന്നത്. എന്തായാലും ഇന്ത്യ മഹാരാജ്യത്തെ ഏറ്റവും വലിയ മദ്ധ്യസ്ഥൻ ഇന്ത്യൻ സുപ്രീം കോടതി തന്നെ. സഭാപ്രശ്നത്തിൽ സുപ്രീം കോടതി ഉത്തരവ് നടപ്പാക്കാനുള്ള ആർജ്ജവം അധികാരികൾകാട്ടി പ്രശ്നം പരിഹരിക്കണം.

മലങ്കരസഭാവക പള്ളികൾ 1064ലും തങ്ങൾക്കവകാശപ്പെട്ടവ എന്നുപറഞ്ഞ് കേസ്സുനല്കിയ ബാവാകക്ഷി അന്നു പറഞ്ഞു 1934ലെ ഭരണഘടനയും 1912 ലെ കാതോലിക്കേറ്റും വേണ്ട. പക്ഷെ 1958ലും 1995ലും സുപ്രീം കോടതി പറഞ്ഞു, ഈ പള്ളികൾ എല്ലാം 1934 ലെ സഭാഭരണഘടനക്കും കാതോലിക്കേറ്റിനും വിധേയപ്പെട്ടവയാണ്.

പക്ഷെ ഇതുവകവയ്ക്കാതെ വടക്കൻ പ്രദേശത്ത് നിയമത്തെയും നിയമവാഴ്ചയെയും വെല്ലുവിളിച്ച് കൈയ്യൂക്ക് കാട്ടി പള്ളികൾ പിടിച്ചശേഷം സുവിശേഷം പറയുന്നത് ക്രൈസ്തവമല്ല. തീവ്രവാദമാണ്. ഇത് മനസ്സിലാക്കാനുള്ള വിവേകം ഭരണക്കാരും വളരുന്ന തലമുറയും മനസ്സിലാക്കണം. ആകാശത്തിലുള്ള ബാവയേക്കാൾ കേമനല്ല അന്ത്യോഖ്യയിലെ ബാവ എന്ന പേരിൽ സിറിയായിലുള്ള ബാവ. ഈ തിരിച്ചറിവ് ഉണ്ടായാലേ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മാതൃസഭയെ സ്നേഹിക്കാനും സേവിക്കാനുമാകൂ.

സുപ്രീം കോടതി 1958ലും 1995ലും അംഗീകരിക്കപ്പെട്ട 1934ലെ സഭാഭരണഘടന പ്രകാരവും സുപ്രീംകോടതി വിധി പ്രകാരവും ഏതു സമാധാന നിർദ്ദേശത്തെയും സമാധാന കാംക്ഷികളായ മലങ്കര സഭാമക്കൾ അംഗീകരിക്കും എന്നതിന് രണ്ടുപക്ഷമില്ല.

പുതുപ്പള്ളിയിലെ പുത്തൻപള്ളിയിൽ മാതാവ് എന്തിനു കരഞ്ഞു. കാരണം ശുദ്ധനായ ബാറിയോ ഊറിയോ ഷെവലിയർ : ലോലൻ വിവരിക്കുന്നു

യേശുതമ്പുരാന്റെ പേരിൽ രക്തസാക്ഷിയായ വി. ഗീവർഗ്ഗീസ് സഹദായുടെ ഭാരതത്തിലെ പ്രധാന ആവാസകേന്ദ്രമായ എട്ടുനാടും കീർത്തികേട്ട പുതുപ്പള്ളിപള്ളിയിൽ നിന്ന് വീതം ചോദിച്ച് പിണങ്ങിയ മുടിയൻപുത്രന്മാർ പുത്തൻകുരിശിലെ പുത്തൻസഭക്കാരുമായി ചേർന്ന് പുതുപ്പള്ളിചിറയിലെ ഇഷ്ടികക്കളത്തിനു മുകളിൽ കുരിശുവച്ച് പള്ളിയാക്കി. (പണ്ടും സഹദായെ ഒഴിവാക്കി അബ്ദുള്ള പാത്രിക്കീസിന് പള്ളി എഴുതിയതാ. പ: വട്ടശ്ശേരി പിതാവ് പള്ളിയേ രക്ഷിച്ചതാ)

അതിനു നേതൃത്വം നല്കിയ അന്ത്യോഖ്യൻ വിശ്വാസികൾ പരിണിത ഫലങ്ങൾ അനുഭവിച്ചു. എന്നിരുന്നാലും ശേഷിച്ചവരിൽ ചിലരുടെ രാഷ്ട്രീയ സ്വാധീനമുള്ള കുടുംബബന്ധങ്ങൾ മൂലം ഇഷ്ടികക്കളം, പെരുന്തുരുത്തി മണർകാട് ബൈപ്പാസ്സ് റോഡിന്റെ സൈഡും, ചരിത്രപ്രസിദ്ധമായ ഉണ്ണൂലി സന്ദേശം റോഡിന്റെയും പാർശ്വങ്ങളും കൈയ്യേറി ഒരു കോൺക്രീറ്റ് സൗധമാക്കി പുതുപ്പള്ളി പള്ളിക്ക് ബദൽ പള്ളിയാക്കി. കഴിഞ്ഞവർഷം പ.പാത്രിക്കീസ് ബാവ കേവലം അഞ്ചു മിനിട്ടുകൊണ്ട് പള്ളി കൂദാശ ചെയ്തു. അതോടെ ഈ പുതിയ പള്ളിയിൽ മൈക്ക് ഉപയോഗിക്കരുത് എന്നും, ഒൻപതുമണിക്ക് മുൻപ് ആരാധന അവസാനിപ്പിക്കണം എന്നുമുള്ള ഉത്തരവ് കാറ്റിൽപ്പറത്തി പൗരസ്ത്യ ജോർജ്ജിയൻ തീർത്ഥാടനകേന്ദ്രത്തിലെ ആരാധന തടസ്സപ്പെടുത്തിവരുന്നു. സഹനത്തോടെ സഹിക്കുന്ന സഹദാ ഭക്തരെ പ്രകോപനം കൊള്ളിക്കാനാണ് മാതാവിനെ കട്ടച്ചിറ മോഡലിൽ കരയിപ്പിക്കാൻ ശ്രമിച്ചത് എന്നാണ് അഭ്യൂഹം.

അതല്ല പാത്രിക്കീസ്ബാവ പള്ളിക്കൂദാശനടത്തിയതിന്റെ വാർഷികവും ആഘോഷവും നടക്കുമ്പോൾ പള്ളിയോട് ചേർന്നുള്ള പുഞ്ചപ്പാടം വാങ്ങി അടുത്ത ഗവൺമെന്റിന്റെ കാലത്ത് പള്ളി പണിഞ്ഞതുപോലെ പള്ളിയ്ക്ക് ഹാളും കെട്ടിടവും പണിയാൻ സാധിക്കും. പണം ലഭിക്കാൻ കണ്ടുപിടിച്ച പെരുമ്പള്ളി സിദ്ധാന്തമാണ് മാതാവിന്റെ വിലാപത്തിനു കാരണം എന്നും സംസാരമുണ്ട്. എന്നാൽ ചില ശീമഭക്തർ പറയുന്നത് 2002 ലെ പുത്തൻകുരിശ് സൊസൈറ്റിശാഖകളായ പുതിയ പള്ളികളിൽ എല്ലാം മാതാവ് കരയുകയും അത്ഭുതങ്ങളും അടയാളങ്ങളും കാട്ടുവാൻ പാത്രിക്കാസുബാവ കല്പനവഴി മാതാവിനോട് ഉത്തരവായതായും പറയുന്നു.

എന്നാൽ ചില ഓർത്തഡോക്സുകാർ പറയുന്നത് പരുമലപ്പെരുന്നാളിനുമുൻപ് പരുമലപ്പള്ളിക്കു ബദൽ പള്ളിയായി ഒരു ഓലഷെഡ് കെട്ടി അവിടെ കട്ടച്ചിറ മാതാവിനെയും, ചാത്തുരുത്തി തിരുമേനിയേയും കൊണ്ട് കരയിപ്പിക്കുകയും അതോടൊപ്പം തോമസ്സ് പ്രഥമന് തൃക്കുന്നത്തു സെമിനാരിപടിക്കലെ പന്തലിൽ നടത്തിയപോലെ ഒരു വിശുദ്ധ ഉപവാസവും ബഹളവും വിലാപവും സംഘടിപ്പിച്ച് ഒരു വാർത്ത സൃഷ്ടിക്കാനാവാഞ്ഞതിന് പകരമാണ് പുതുപ്പള്ളിയിലേയ്ക്ക് കലാപരിപാടി മാറ്റിയതെന്നും പറയപ്പെടുന്നു.

എന്തായാലും ഷവലിയാർ ലോലൻ കട്ടച്ചിറയിലെ ആൾത്തിരക്കുകണ്ടതാ. കുപ്പിയിലെ വി. ദ്രാവകം മണപ്പിച്ചും, തുടച്ചും വിശ്വാസികൾ സൗഖ്യം പ്രാപിക്കുന്നുണ്ട് എന്നുകേട്ടു. സത്യം പറയണമല്ലോ, ചില ഓർത്തഡോക്സുകാരും അതിൽ പങ്കെടുത്തു. പക്ഷെ പുതുപ്പള്ളിയിൽ മനോരമയുടെ വാർത്ത വന്ന ദിവസം 4 ബക്കറ്റ് ദ്രാവകം അച്ചൻ വിശ്വാസികൾക്ക് സെന്റ് കുപ്പികളിൽ വിറ്റു. പിറ്റേന്ന് മാതാവ് കരഞ്ഞുമില്ല. വിശ്വാസികൾ വന്നുമില്ല. എന്നാലും പുതുപ്പള്ളിപ്പള്ളിയിലെ പുരുഷാരത്തെ കേൾപ്പിക്കാനും ആകർഷിക്കാനും ലൗഡ്സ്പീക്കർ വെച്ച് പുത്തൻപള്ളിയിലെ അച്ചൻ വിശ്വാസികളെ മാടിവിളിച്ചു. മൈക്കിലൂടെ തരുണിമണികളുടെ ഗാനാലാപം മൂലം പുതുപ്പള്ളി പള്ളിയിലെ ഞായറാഴ്ച ആരാധനയും ശിശ്രൂഷകളും വരെ തുടരെ അലങ്കോലപ്പെടുത്താനായി. എന്തായാലും ഡോക്ട്രേറ്റും ഐ.എ.എസും. പാത്രീക്കീസുബാവ ദാനമായി വാരി എറിയുന്ന എല്ലാ സ്ഥാനമാനങ്ങളും ഉള്ള ഡോ. ബാബുപോൾ സാറും പറയുന്നത് പുതുപ്പള്ളിയിലെ പോലെ പരുമലയിലും പള്ളിവയ്ക്കണം എന്നാണ്.

കാര്യങ്ങൾ ഇങ്ങനെ ഒക്കെയാണെങ്കിലും തെക്കൻ പ്രദേശത്തെ ഓർത്തഡോക്സുകാർ വർഷംതോറും കോടിൾ വാരിയിട്ട് – മണർകാട്ടമ്മയുടെ ആനന്ദകരമായ ആശീർവാദം വാങ്ങി ആനന്ദിക്കുന്നു. ആ പണംകൊണ്ട് ഭാരത നസ്രാണിക്ക് പണി കൊടുക്കുന്നു. പൗരസ്ത്യ കാതോലിക്കായെ വട്ടംകറക്കുന്നു. വരുമാനം ഇല്ലാതാക്കാനും ഭാഗം വയ്ക്കാനും വീതം പിടിച്ചു പറ്റാനുമുള്ള പുതുപ്പള്ളിയിലെ നമ്മുടെ സഹോദന്മാരുടെ ബുദ്ധിയാ കട്ടച്ചിറ മാതാവിനെ കരയിക്കൽ. ഗീവർഗ്ഗീസ് സഹദായോട് വീതം ചോദിച്ചു പിരിഞ്ഞ നമ്മുടെ കൂടെപിറപ്പുകൾ. പുതുപ്പള്ളിയിലെ നേർച്ചയുടെ പകുതി പുതുപ്പള്ളി പാലത്തിനുമുമ്പ് നമ്മുടെ വഞ്ചികയിൽ ഇടിക്കാൻ ശ്രമിച്ചതു പരാജയപ്പെട്ടപ്പോൾ മണർകാടു പള്ളിയിലെ വരുമാനത്തിന്റെ വീതം പിടിക്കാനാ കട്ടച്ചിറ മാതാവിനെ ഇറക്കിയതെന്നും ചില കേഫാക്കാർ പുലമ്പുന്നുണ്ട് ലോലന്റെ ലോലഹൃദയത്തിൽ തോന്നുന്നത് മാതാവിന്റെ ഈ കരച്ചിൽ മണർകാടുപള്ളിക്കാരോട് വീതം ചോദിക്കുന്നതിനുതുല്യമാ- അല്ലായിരുന്നെങ്കിൽ സഹദായെ കരയിപ്പിച്ചാൽ മതിയായിരുന്നു എന്ന അഭിപ്രായവും കുറവല്ല.

കത്തുകളും കുത്തുകളും

പേജ് 3 കോളം 2 ൽ നിന്നും തുടർച്ച

ണ്. ആ ആപ്തവാക്യങ്ങൾ ആത്മായവേദി സൈറ്റിൽ ഇപ്പോൾ കാണാനില്ല. ഇത് എഴുതുവാൻ കാരണം അന്ന് അഭിവന്ദ്യ മിലിത്തിയോസ്സ് തിരുമേനിയെ പ്രൊജക്ട് ചെയ്ത ആത്മായവേദിയെ അപമാനിച്ച പല പ്രമുഖ വൈദീകരും ഇന്ന് ബാവയെ പുകഴ്ത്തുന്നു. ചെറുപ്പത്തെ പ്രകീർത്തിക്കുന്നു.

റോണി അടൂർ

സാർ

പുതുപ്പള്ളിയുടെ മുന്നിൽ യാക്കോബായ വിഭാഗംവച്ച പള്ളി പുതുപ്പള്ളിപള്ളിക്ക് ദോഷമോ? ഗുണമോ? എന്ന് വിശദീകരിക്കാൻ താല്പര്യപ്പെടുന്നു.

മറുപടി അടുത്തലക്കം പ്രതീക്ഷിക്കുന്നു.

എൽദോസ്സ് കോതമംഗലം.

* * * * * * * * *

സാർ,

വിശ്വാസ സംരക്ഷകൻ എന്ന പ്രസിദ്ധീകരണത്തിൽ നമ്മുടെ പിതാക്കന്മാരെയും, ആത്മായാവേദിയേയും വളരെ മോശമായി പ്രതിപാദിക്കുന്നുണ്ടല്ലോ? അതെ നാണയത്തിൽ തിരിച്ചെഴുതാത്തത് ശരിയല്ല. മറുപടി പ്രതീക്ഷിക്കുന്നു.

ജോർജ്ജ് ഫിലിപ്പ് കായംകുളം

മറുപടി

നമ്മുടെ സംസ്കാരം ഭാരതീയമാണ്. തീവ്രവാദം ദുഷിപ്പ് എന്നിവ നമ്മുടെ പിതാക്കന്മാർ പഠിപ്പിക്കുന്നില്ല. ആത്മായാ വേദിയുടെ ചെറിയ വിമർശനങ്ങളെപ്പോലും നമ്മുടെ പിതാക്കന്മാർ പ്രോത്സാഹിപ്പിക്കുന്നില്ല. ആത്മായാവേദിയുടെ പ്രചരണം തടയാനാണവർ താല്പര്യം കാട്ടുക. അവരുടെ ആ പ്രസിദ്ധീകരണം പുത്തൻകുരിശ് അനുഭാവികളെ തീവ്രസ്വഭാവക്കാരാക്കുക എന്ന ലക്ഷ്യത്തിനു വേണ്ടിയാണ്. 2002–ൽ രൂപപ്പെട്ട ഈ സഭ 2000 ആണ്ടു പഴക്കമുള്ള സഭയെ അപകീർത്തിപ്പെടുത്തിവളരട്ടെ.

നമ്മുടെ സഭ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ചതാണ്.

നമ്മെ ക്രിസ്തുവിൽ ജനിപ്പിച്ചത് തോമ്മാശ്ലീഹായാണ്.

1912 ൽ ഇവിടെ കാതോലിക്കേറ്റ് സ്ഥാപിച്ചത് കാനോനിക പാത്രീക്കീസായ അബ്ദുൾ മിശിഹായാണ്. അദ്ദേഹത്തെ കുർക്കുമ ദയറയിലാണ് കബറടിക്കയതും. നമ്മുടെ സഭയിൽ പ്രശ്നം സൃഷ്ടിച്ച അബ്ദുള്ള പാത്രീക്കീസിന്റെ കബറിടം എവിടെ? ഇന്ത്യ ഒരു കാലത്ത് ബ്രിട്ടീഷ് ഇന്ത്യയായിരുന്നു. അവർ പല സ്ഥാപനങ്ങളും സ്ഥാപിച്ചു. അവയെല്ലം ഇന്ന് റിപ്പബ്ലിക് ഓഫ് ഇന്ത്യയുടെതാണ്.

ബ്രിട്ടീഷുകാരുടെ ഇംഗ്ലീഷിലും അവരുടെ ഡ്രസ്സും നാം അനുകരിക്കുന്നതുകൊണ്ട് നമ്മൾ ബ്രിട്ടീഷുകാരാവില്ല. ബ്രിട്ടീഷ് രാജ്ഞി നമ്മുടെ രാജ്ഞിയുമല്ല. കാശ്മീരിൽ പാക്കിസ്ഥാൻ അധിനിവേശ പ്രദേശം ഇന്ത്യ അവർക്കുവിട്ടു നല്കില്ല. ഈ യാഥാർത്ഥ്യങ്ങൾ അറിയുന്നവരെ വിഡ്ഢികളാക്കി പുതുസഭയെ കരുത്തുള്ള പ്രസ്ഥാനമാക്കാൻ അവർ പലതും എഴുതും കൊല ചെയ്യും കേസ്സിലെ പ്രതികളാക്കും നമ്മുക്കാവഴി തുടരാനാവില്ല. എന്നാലും ചിലപ്പോൾ നമ്മളും പ്രതികരിച്ചു പോകുന്നു.

പത്രാധിപർ

ചിത്രങ്ങളിൽ നിന്ന് ഒഴുക്കി എന്നു പറയുന്ന ദ്രാവകം രാസപരിശോധനയ്ക്ക് വിധേയപ്പെടുത്തണം – ആത്മായാവേദി.

കോട്ടയം.

സമീപകാലത്തായി പുരാതന ക്രൈസ്തസഭകളിൽ നിന്ന് വേർപിരിഞ്ഞ പുതിയ സഭാവിഭാഗങ്ങൾ പല ഭാഗങ്ങളിലും, അത്ഭുത രോഗ സൗഖ്യങ്ങളും, അതിശയങ്ങളും, തട്ടിപ്പും നടത്തി സാധാരണ വിശ്വാസികളെ ചൂഷണം ചെയ്യുന്നു. പണം സമ്പാദിച്ച് മുങ്ങുന്നവരും പ്രസ്ഥാനങ്ങൾ കെട്ടിപ്പെടുത്ത് വിരാജിക്കുന്നവരും കുറവല്ല.

അടുത്തകാലത്ത് കട്ടച്ചിറ എന്ന സ്ഥലത്ത് സ്ഥാപിച്ച പുതിയ പള്ളിയിൽ വി: മാതാവിന്റെ ചിത്രത്തിൽനിന്ന് സുഗന്ധ ദ്രവ്യം ഒഴുകി. കഴിഞ്ഞ ദിവസം പുതുപ്പള്ളി ഇരവിനല്ലൂരിലെ ഒരു പുതിയ പള്ളിയിൽ വി: മാതാവ് കരഞ്ഞു. കണ്ണുനീരിന് സുഗന്ധ മുണ്ടെന്നും അവകാശപ്പെടുന്നു എന്ന് പത്രവാർത്തകൾ.

ഇതിന്റെ നിജസ്ഥിതി സമൂഹത്തെ ബോദ്ധ്യപ്പെടുത്താൻ ഭരണാധികാരികൾ തയ്യാറാവണം. ശാസ്ത്രീയമായി പുരോഗമിച്ച ഈ യുഗത്തിൽ ഈ ദ്രാവകം ശാസ്ത്രപരിശോധനയ്ക്കു വിധേയപ്പെടുത്തി യാഥാർത്ഥ്യം തെളിയിക്കണമെന്ന് അഖിലമലങ്കര ഓർത്തഡോക്സ് ആത്മായാവേദി ആവശ്യപ്പെട്ടു.

ഇത് യാഥാർത്ഥ്യമെങ്കിൽ വിശ്വാസികൾക്കാശ്വാസവും – വഞ്ചനയെങ്കിൽ സമൂഹത്തെ വഞ്ചനയിൽ നിന്ന് രക്ഷിക്കലു മാകും. വ്യാജസിദ്ധന്മാരുടെ ഈ ശ്രമം പലഭാഗങ്ങളിലും പരീക്ഷിച്ച് പരാജയപ്പെട്ട തന്ത്രമാണെന്നും ആത്മായാവേദി വിലയിരുത്തി. കെ.വി. ഏബ്രഹാം കൊടുവത്ത്, തോമസ്സ് ചാണ്ടി, ജോർജ്ജ് മാത്യു, പീലിപ്പോസ്സ് പോട്ടയ്ക്കാവയലിൽ, ജോതിഷ് കുറിച്ചി എന്നിവർ പ്രസംഗിച്ചു.

കോട്ടയം 19.11.10

പ്രസിഡന്റ്
കെ.വി. ഏബ്രഹാം കൊടുവത്ത്

സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്
Almayavedi: Printed and published by K.V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, P.B. No. 652, Kottayam-686 001. Published from Kottayam.
Editor: Philipose Pottakkavayalil Ph: 9349754448. Printed at Esjay, Kottayam-1. Tel: 2300519